3992

കേരള സർക്കാർ

# എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ ഭരണ റിപ്പോർട്ട്

## 1981-82

എറണാകുളം ഗവൺമെൻറ് പ്രസ്സിൽ നിന്നും ഗവൺമെൻറ് പ്രസ്സുകളുടെ സൂപ്രണ്ടിനാൽ അച്ചടിപ്പിക്കപ്പെട്ടത്
1983

# എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഭരണ റിപ്പോർട്ട്

## 1981-82

©
കേരള സർക്കാർ
1983

## ആസൂത്രണ സാമ്പത്തിക (ബി) വകുപ്പ്

ജി.ഒ.ആർ.ടി. 245/83/പ്ലാനിംഗ്, തീയതി: 16–5–1983

സംഗ്രഹം.—എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 1981–82-ലെ ഭരണറിപ്പോർട്ട്—പ്രത്യവലോകനം ചെയ്ത—ഉത്തരവ്.

പരാമർശം.—20–4–1983-ൽ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ അയച്ച പി.ബി.–3664/83/ഡി.ഇ.എസ്.-ാം നമ്പർ കത്ത്.

### ഉത്തരവ്

1. രേഖപ്പെടുത്തി.

2. ഡോ. പി. എം. നായർ റിപ്പോർട്ട് വർഷത്തിൽ ഡയറക്ടറായി തുടർന്നു.

3. കാർഷിക സ്ഥിതി വിവരക്കണക്ക്:—ഈ വകുപ്പിന്റെ കീഴിൽ 1975–76-ൽ ആരംഭിച്ച കാർഷിക സ്ഥിതിവിവരക്കണക്ക് പദ്ധതിയുടെ രണ്ടാം ഘട്ടമായി 1981–82-ലെ ഭൂവിനിയോഗത്തിന്റേയും ദീർഘകാല വിളവുകളുടേയും വിവരങ്ങൾ ശേഖരിച്ചു. വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ കാലയളവുകളിൽ ഹ്രസ്വകാല വിളവുകളുടെ വിവരങ്ങൾ ശേഖരിച്ചു. വിവിധ കൃഷികളുടെ വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തി. വിരിപ്പ്, മുണ്ടകൻ, പുഞ്ച നെൽകൃഷിയുടെ വിവരങ്ങൾ തിട്ടപ്പെടുത്തി പുഞ്ചകൃഷി നടത്തുന്ന നിലത്തിന്റെ വിസ്തൃതിയെപ്പറ്റിയുള്ള മതിപ്പ് തയ്യാറാക്കാൻ ആരംഭിച്ചു. 1979–80-ലെ കാർഷികസ്ഥിതിവിവരക്കണക്ക് പ്രസിദ്ധീകരിച്ചു. 1980–81-ലേക്ക് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ പെയ്ത മഴയുടെ വിവരങ്ങൾ ശേഖരിച്ച് പൂനയിലെ ഒബ്സർവേറ്ററി ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്തു. ടി.ആർ.എസിനു തിരഞ്ഞെടുക്കപ്പെട്ട എല്ലാ വില്ലേജുകളിലും സമാന്തര സാമ്പിൾ പരിശോധനാപദ്ധതി നടപ്പാക്കുകയുണ്ടായി. 1982–83-ലെ സർവേക്കുവേണ്ട പ്രാരംഭ ജോലികൾ ആരംഭിച്ചു.

4. കാർഷിക സെൻസസ് 1980–81.—സെൻസസിന്റെ ലക്ഷ്യങ്ങൾ,—

1. ഭൂപരിഷ്ക്കരണനിയമം നടപ്പാക്കിയതിനുശേഷം ഭൂമിയുടെ കൈവശാവകാശത്തിൽ വന്നിട്ടുള്ള മാറ്റങ്ങളും തൻമൂലം ഉണ്ടായിട്ടുള്ള ഗുണങ്ങളും അപഗ്രഥിക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക.

2. ഭൂവിനിയോഗം, കാർഷികവിളഭൂമിയുടെ വിസ്തീർണ്ണം, ജലസേചനസൗകര്യം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക.

3. വിത്ത്, വളം, കീടനാശിനികൾ തുടങ്ങി കാർഷികാവശ്യത്തിനുള്ള ആവശ്യഘടകങ്ങളെപ്പറ്റി സമഗ്രമായ വിവരങ്ങൾ ശേഖരിക്കുക.

4. കാർഷികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ഉപകരണങ്ങൾ, കന്നുകാലികൾ തുടങ്ങിയവയെപ്പറ്റിയും കാർഷികവായ്പയുടെ ലഭ്യതയേയും കുറിച്ച് പ്രധാന വിവരങ്ങൾ ശേഖരിക്കുക. ഇപ്പോൾ കിട്ടുന്ന വിവരങ്ങളും മുമ്പ് ലഭിച്ച വിവരങ്ങളുമായി തുലനം ചെയ്ത് കാർഷികരംഗത്തെ നേട്ടങ്ങൾ വിലയിരുത്തുക എന്ന ലക്ഷ്യവും ഇതുകൊണ്ട് ഉദ്ദേശിക്കുന്നു.

5. തെരഞ്ഞെടുക്കപ്പെട്ട എല്ലാ വില്ലേജുകളിലും ഈ സെൻസസിന്റെ ജോലി പുരോഗമിച്ചുവരുന്നു.

6. കൃഷിച്ചെലവ് കണക്കാക്കൽ ഒന്നാംവർഷ സർവേയും 42 വില്ലേജുകളിലെ രണ്ടാംവർഷ സർവേയും പൂർത്തിയായി. മൂന്നാംവർഷ സർവേയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു.

7. ഈ വകുപ്പിലെ പ്രൈസസ് വിഭാഗം പ്രൈസസ് (ജനറൽ) ഇൻഡക്സ് സീരിസ് എന്നീ രണ്ട് യൂണിറ്റുകളോടെ തുടർന്നു പ്രവർത്തിച്ചു.

8. പ്രൈസസ് (ജനറൽ) വിഭാഗം താഴെപ്പറയുന്ന ജോലികൾ ഏറ്റെടുത്തു നടത്തുകയുണ്ടായി.—

(1) 50 അവശ്യസാധനങ്ങളുടെ ദൈനംദിന വില ജില്ലാ തലസ്ഥാനങ്ങളിൽനിന്ന് ടെലക്സ് മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്ത ദിവസംതന്നെ ഗവൺമെന്റിലേക്ക് അയച്ചു.

(2) വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസറിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേക്ക് അയച്ചു.

(3) 92 ഇനം ഉപഭോക്തൃസാധനങ്ങളുടെ പ്രതിവാര ചില്ലറവില ശേഖരിച്ച് സൂചിക തയ്യാറാക്കി.

(4) ഉപഭോക്തൃ വില സൂചിക കണക്കാക്കുന്നതിനുള്ള അപാകതകൾ പരിഹരിക്കുന്നതിനു നിയുക്തമായ കമ്മറ്റിയുടെ ശുപാർശ അനുസരിച്ച് റേഷൻ സാധനങ്ങളുടെ ഓഫ്ടേക്ക് സർവേ 1980 ആഗസ്റ്റിൽ നടത്തുകയും 1980 ജൂലൈ മുതലുള്ള ഉപഭോക്തൃ വില സൂചിക പ്രസ്തുത സർവേ റിസർട്ട് ഉപയോഗിച്ച് തയ്യാറാക്കി.

(5) 15 തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ ഉപഭോക്തൃവില സൂചിക തയ്യാറാക്കി പതിവുപോലെ ഗസറ്റിൽ വിജ്ഞാപനം ചെയ്തു.

(6) ലേബർ ബ്യൂറോ സീരിസിന്റെ ഉപഭോക്തൃവില സൂചിക (കേന്ദ്രസീരിസ്) തയ്യാറാക്കുവാൻവേണ്ടി 5 സെൻററുകളിൽനിന്നും ചില്ലറ വിൽപന വില ഡിസമ്പർ 1980 വരെ ശേഖരിച്ചു വന്നിരുന്നു. 1971 അടിസ്ഥാനവർഷമായി കൊല്ലം, ആലുവ, മുണ്ടക്കയം എന്നിവിടങ്ങളിൽ നിന്ന് വില ശേഖരിച്ചിരുന്നത് 1980 ഡിസമ്പറിൽ നിർത്തുകയും 1981 അടിസ്ഥാനവർഷമായി കുടുംബബഡ്ജറ്റ് സർവേ (ലേബർ ബ്യൂറോ) തിരുവനന്തപുരം, കൊല്ലം, മുണ്ടക്കയം, ആലുവ എന്നീ സെൻററുകളിൽ നടത്തുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തു.

ആലപ്പുഴ, ആലുവ, മുണ്ടക്കയം എന്നിവിടങ്ങളിൽനിന്ന് പഴയ സീരിസി ലുള്ള വില സൂചിക കണക്കാക്കുന്നതിനുള്ള വിലകൾ ശേഖരിക്കുകയു ണ്ടായി.

(7) ആരോഗ്യവകുപ്പിന്റേയും നാട്ടുചികിൽസാവകുപ്പിന്റേയും ഉപയോഗത്തിനായി ആശുപത്രികൾക്കാവശ്യമുള്ള ആഹാരസാധനങ്ങളു ടേയും മറ്റു പദാർത്ഥങ്ങളുടേയും കമ്പോളവില ഈ വർഷവും ശേഖരിച്ചു. സർക്കാരാശുപത്രികളിലും മറ്റും സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നത് സംബന്ധിച്ച കരാറുകൾക്ക് അന്തിമരൂപം നൽകുവാൻ ഇത് അത്യാവശ്യ മാണ്.

(8) മാർക്കറ്റ് ഇൻറലിജൻസ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി അനുസരിച്ച് തിരുവനന്തപുരം മേഖലയിലെ 27-ം, കോഴിക്കോട് മേഖല യിലെ 10-ം കേന്ദ്രങ്ങളിലെ കമ്പോളനിലവാര ബുള്ളറ്റിൻ തയ്യാറാക്കി ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്യുകയുണ്ടായി.

(9) ഇൻഡക്സ് സീരിസ് വിഭാഗം കാർഷികോൽപ്പന്നങ്ങളുടെ മൊത്തവില സൂചിക, കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനം അവയ്ക്കുവേണ്ടിവരുന്ന ചെലവും തമ്മിലുള്ള താരതമ്യപഠന സൂചിക, കാർഷികവേതനസൂചിക തയ്യാറാക്കി. കൂടാതെ തൊണ്ടുള്ള നാളികേര ത്തിന്റെ ദൈവവാരികവില, 9 കാർഷികവിഭവങ്ങളുടെ ശരാശരി വില, കയറിന്റെ പ്രതിവാരവില, കയറിന്റെ പ്രതിമാസവില എന്നിവ ശേഖരിച്ച് ബന്ധപ്പെട്ടവർക്ക് നൽകി. കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷികോൽ പ്പന്നങ്ങളുടെ പ്രതിമാസ ചില്ലറവില ഏകീകരിച്ച് ഗസറ്റിൽ പ്രസിദ്ധപ്പെ ടുത്തി.

(10) തുറമുഖങ്ങളിൽനിന്നും 1979–80-ലെ കയറ്റുമതി ഇറക്കുമതി സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കുകയും 1980–81-ലെ വാർഷികവിവര ങ്ങളുടെ ശേഖരണം ആരംഭിക്കുകയും ചെയ്തു.

(11) റിപ്പോർട്ടുവർഷത്തിൽ 4 ത്രൈമാസിക വ്യവസായോൽപ്പാദന വിവരങ്ങൾ ശേഖരിക്കുകയും 1980-ലെ ത്രൈമാസികറിപ്പോർട്ട് തയ്യാറാക്കു കയും ചെയ്തു.

(12) 1980–81 പരാമർശവർഷമായി 1981 ജൂലൈ മുതൽ കുടുംബ ബഡ്ജറ്റ് സർവേ ആരംഭിക്കുകയും 1981–82 വർഷത്തിൽ സർവേ പുരോഗ മിക്കുകയും ചെയ്തു.

(13) റിപ്പോർട്ട് വർഷത്തിൽ ഭവനനിർമ്മാണരംഗത്തെ പ്രവർത്തന ങ്ങളെക്കുറിച്ചും കെട്ടിടനിർമ്മാണജോലിക്കാരുടെയും വ്യാപാരസ്ഥാപനങ്ങ ളിലെ ജോലിക്കാരുടെയും വേതനഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും അവ വിശകലനം ചെയ്ത് ആവശ്യാനുസരണമുള്ള റിപ്പോർട്ടുകളും പട്ടികകളും തയ്യാറാക്കുകയും ചെയ്തു.

(14) വേതനഘടനാ സർവേയുടെ 5 വർഷം കൊണ്ടവസാനിക്കുന്ന സർവേ 1981–82 മാർച്ച് മാസം കൊണ്ട് പൂർത്തിയായി. 1982-83 വർഷം തൊട്ട് പുതിയതായി ആരംഭിക്കുന്ന അടുത്ത 5 വർഷത്തേക്കുള്ള വേതന ഘടനാ സർവേയുടെ ആസൂത്രണവും പ്രാരംഭപ്രവർത്തനങ്ങളും റിപ്പോർട്ടു വർഷത്തിൽ നടത്തുകയുണ്ടായി.

(15) ചരക്കുഗതാഗതസർവേയുടെ രണ്ടാമത് റൗണ്ട് നടത്തുന്നതിനുവേണ്ടി കേരളത്തിലെ ആറു ജില്ലകളിലെ 12 ചെക്ക് പോസ്റ്റുകൾ തെരഞ്ഞെടുത്തു. സർവേ 16–11–1981-ൽ അവസാനിപ്പിച്ചു. പൂരിപ്പിച്ച ഷെഡ്യൂളുകൾ ശേഖരിച്ചു ക്രോഡീകരിക്കുന്നതിനുവേണ്ടി പ്രവർത്തനങ്ങൾ നടത്തി.

(16) തൊഴിൽ സ്ഥിതിവിവരക്കണക്ക് വിഭാഗം ഈ വർഷത്തിൽ 1948-ലെ ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഫാക്ടറികളുടെ 1980-ലേക്കുള്ള സ്ഥിതിവിവരക്കണക്കുകൾ ഫാക്ടറീസ് ഡയറക്ടറേറ്റിൽനിന്നും വരുത്തി പരിശോധിച്ച് റിപ്പോർട്ട് സ്റ്റേറ്റുമെൻറുകളും തയ്യാറാക്കി ലേബർ ബ്യൂറോക്ക് അയച്ചുകൊടുത്തു.

(17) വ്യാവസായിക ഗണിതവിഭാഗം റിപ്പോർട്ടുവർഷത്തിൽ 1976–77-ലെ സർവേ റിപ്പോർട്ട് പുറത്തിറക്കുകയും 1977–78-ലെ സർവേ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. 1978–79-ലെ റിപ്പോർട്ട് തയ്യാറാക്കുവാനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തി.

(18) മാനവശക്തി ആസൂത്രണവിഭാഗം ഈ വർഷത്തിൽ താഴെ പറയുന്ന റിപ്പോർട്ടുകൾ തയ്യാറാക്കി:

1. അപ്രൻറിസുകളുടെ വിനിയോഗരീതിയെക്കുറിച്ചൊരു പഠനം.

2. കൃഷിയിൽ ബിരുദാനന്തരം ബിരുദമുള്ളവരുടെ വിനിയോഗം കേരളത്തിൽ.

3. കേരളത്തിലെ വ്യവസായങ്ങൾക്കുവേണ്ട ഇടത്തരം മാനവശക്തി ഒരുക്കുന്നതിനെക്കുറിച്ചൊരു പഠനം.

4. എഞ്ചിനീയർമാരുടെ ആവശ്യകതയും, ലഭ്യതയും 1978–83 കാലഘട്ടത്തിൽ.

കൂടാതെ സമ്പദ്‌വ്യവസ്ഥയുടെ വിവിധ തുറകളിൽ ജോലി എടുക്കുന്നവരെ സംബന്ധിക്കുന്ന സാമാന്യപഠനവും മാനവശക്തിയെ ഏതെല്ലാം തുറകളിൽ എങ്ങിനെ എല്ലാം ഉപയോഗിക്കുവാൻ കഴിയും എന്നതിനെക്കുറിച്ച് അനേകം രംഗങ്ങളിലെ പഠനവും തുടർന്നു.

(19) മെക്കാനിക്കൽ ടാബുലേഷൻ വിഭാഗം റിപ്പോർട്ടുവർഷത്തിൽ ഹൗസ് ഹോൾഡ് കൺസംപ്ഷൻ സർവേ 1979-ലെ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് സെൻസസ് ഓഫ് ഗവൺമെൻറ് എംപ്ലോയീസ്, ധനകാര്യവകുപ്പിലെ ട്രഷറി സ്ലിപ്പുകൾ എന്നിവ പഞ്ച് ചെയ്ത് തരംതിരിച്ച് വിശകലനത്തിനും ടാബുലേഷനുമായി തുമ്പയിലേക്കും യൂണിവേഴ്സിറ്റിയിലേക്കും കമ്പ്യൂട്ടർ സെൻററുകളിലേക്കുമയച്ചു.

(20) ജനസംഖ്യ ഗവേഷണകേന്ദ്രം റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്ന പഠനങ്ങൾ നടത്തുകയുണ്ടായി:—

1. കുടുംബക്ഷേമപരിപാടികൾ സംബന്ധിച്ച് ആളുകൾക്കുള്ള അറിവ്, മനോഭാവം, പരിപാടി നിർവഹണം എന്നിവയെക്കുറിച്ചുള്ള പഠനം.

2. നിയമാനുസൃത ഗർഭഛിദ്രം നടത്തിയവരെക്കുറിച്ചുള്ള പഠനം.

3. ഈ വിഭാഗത്തിന്റെ കീഴിൽ പുരോഗതിയിലുള്ള പഠനങ്ങൾ.—കേരളത്തിലെ കുടുംബക്ഷേമപരിപാടികൊണ്ട് ജനനനിരക്ക് എത്ര മാത്രം കുറഞ്ഞിട്ടുണ്ടെന്നുള്ള പഠനം.

4. തിരുവനന്തപുരം ജില്ലയിലെ സാമ്പിൾ രജിസ്ട്രേഷൻ വില്ലേജുകളിൽ നടത്തുന്ന സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം മനസ്സിലാക്കുന്നതിനുള്ള പഠനം.

5. പെരുങ്ങംവിള പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പരിധിയിൽ വരുന്ന ഭൂപ്രദേശത്തെ ജനനമരണനിരക്കുകൾ കണ്ടുപിടിക്കുന്നതിനുള്ള പഠനം.

6. കുടുംബസംവിധാനപ്രവർത്തനങ്ങളുടെ വിലയിരുത്തൽ (മലപ്പുറം ജില്ല)

7. ജില്ലാടിസ്ഥാനത്തിലുള്ള ജനനമരണ നിരക്കുകൾ കണ്ടുപിടിക്കുന്നതിനുള്ള പഠനം.

8. സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി ഗ്രാമപ്രദേശങ്ങളിൽ.

(21) ഫെർട്ടിലിറ്റി സർവെ പൂർത്തിയാക്കി 1982 സെപ്റ്റമ്പർ അവസാനത്തോടെ റിപ്പോർട്ട് തയ്യാറാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(22) 1981–82-ൽ വിലയിരുത്തൽ പഠനവിഭാഗം കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിലേക്ക് അയച്ചുകൊടുത്തു. കൂടാതെ സംയോജിത ഗിരിവർഗ്ഗ വികസനപ്രോജക്ടുകളുടെ ബഞ്ചുമാർക്ക് സർവെ നടത്തി റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിലേക്ക് അയക്കേണ്ട നടപടികൾ ആരംഭിച്ചു.

(23) സാമ്പത്തിക സെൻസസ് വിഭാഗം റിപ്പോർട്ടുവർഷത്തിൽ തൃപ്തികരമായ രീതിയിൽ പ്രവർത്തനം തുടർന്നു.

(24) അഡ്മിനിസ്ട്രേറ്റീവ് ഇൻറലിജൻസ് വിഭാഗം സാമൂഹ്യ വികസനബ്ലോക്കുകളിലെ പ്രവർത്തനപുരോഗതിയെക്കുറിച്ച് പഠനം നടത്തി വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ജോലി റിപ്പോർട്ട് വർഷവും തുടർന്നു.

(25) ആസൂത്രണവിഭാഗം റിപ്പോർട്ടുവർഷത്തിൽ സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം, വിലയിരുത്തൽ, ആസൂത്രണം സംബന്ധിച്ച മറ്റു കാര്യങ്ങൾ, വാർഷികപദ്ധതി തയ്യാറാക്കി സർക്കാരിനു സമർപ്പിക്കൽ, അതു സംബന്ധമായി ഡിപ്പാർട്ടുമെന്റ് പുനരേകീകരിക്കുക എന്നിവ തൃപ്തികരമായി പൂർത്തിയാക്കി. 16-ഓളം പദ്ധതികൾ 1981–82-ലെ പ്ലാനിൽ ഉൾപ്പെടുത്തുകയുണ്ടായി.

(26) കോ-ഓർഡിനേഷൻ വിഭാഗം റിപ്പോർട്ടുവർഷം മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരെ വിളിച്ചുകൂട്ടി ചർച്ചകൾ നടത്തുകയും അവരുടെ ജോലി അവലോകനം ചെയ്ത് വേണ്ട സാങ്കേതിക ഉപദേശം

നൽകുകയും ചെയ്തു. കൂടാതെ ഈ വകുപ്പിന്റെ പദ്ധതി രൂപീകരണത്തിനുള്ള ചുമതലയും വഹിക്കുകയുണ്ടായി,

(27) പ്രസിദ്ധീകരണവും സംയോജനവും വിഭാഗം റിപ്പോർട്ടു വർഷത്തിൽ താഴെപ്പറയുന്ന റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി:—

1. ആലപ്പുഴ തുറമുഖത്തിന്റെ കയറ്റുമതി ഇറക്കുമതി സാദ്ധ്യതകളെപ്പറ്റിയുള്ള പഠനറിപ്പോർട്ട്.

2. നാഷണൽ സാമ്പിൾ സർവെ റിപ്പോർട്ട് നമ്പർ 20.

3. കൊക്കോ സർവെ റിപ്പോർട്ട്, 1980.

4. ആരുവൻ സർവെ ഓഫ് ഇൻഡസ്ട്രീസ്, 1976–77.

5. ഫാക്ട് ബുക്ക് ഓൺ പോപ്പുലേഷൻ ആൻഡ് ഫാമിലി വെൽഫെയർ പ്രോഗ്രാം.

6. റിപ്പോർട്ട് ഓൺ നോളജിമ്പിൾ ആറ്റിറ്റ്യൂഡ് ആൻറ് പ്രാക്ടീസ് ഓഫ് ഫാമിലി വെൽഫെയർ പ്രോഗ്രാം.

7. തോട്ട് ഓൺ കാൽക്കുലേഷൻ ഓഫ് ബർത്ത് ആൻഡ് ഡത്ത് ഡ്യൂ ററു ഫാമിലി വെൽഫെയർ പ്രോഗ്രാം ഇൻ കേരള.

8. മാൻ പവ്വർ ഇംപ്രൂവമെൻറ് ഇൻ ദി കോ-ഓപ്പറേറ്റീവ് സെക്ടർ ഓഫ് ഷിപ്പിംഗ് ഇൻഡസ്ട്രി.

9. കാറ്റലോഗ് ഓഫ് പബ്ലിക്കേഷൻസ്.

10. എ സ്റ്റഡി ഓഫ് ദി കാരക്ടറൈസേഷൻ ഓഫ് എ. യു. ഡി. ആക്സ്പക്റ്റേഴ്സ് ഇൻ കേരള, 1974–75 ആൻഡ് 1975–76.

(28) റിപ്പോർട്ട് വർഷത്തിൽ വിവിധ പദ്ധതികൾക്കായി 1,95,27,329 രൂപ ചെലവായി.

(29) റിപ്പോർട്ട് വർഷം ഈ വകുപ്പിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി. കരുണാകരൻ നായർ,

അഡീഷണൽ സെക്രട്ടറി.

3942

# എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ 1981–82 ലെ ഭരണ റിപ്പോർട്ട്

## അദ്ധ്യായം 1

### (i) ആമുഖം

കേരളാ യൂണിവേഴ്സിറ്റിയുടെ ഒരു പ്രത്യേക ഘടകമായി പ്രവർത്തിച്ചിരുന്ന ബോർഡ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് എന്ന ഒരു പ്രത്യേക വകുപ്പായി 1955-ൽ രൂപം കൊള്ളുകയും തുടർന്ന് 1963-ൽ ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് എന്ന പേരിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കേണ്ട ഒരു മേജർവകുപ്പായി തീരുകയും ചെയ്തു. ഈ വകുപ്പ് സാമ്പത്തികസ്ഥിതി വിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ സ്വരൂപിക്കൽ, ക്രമീകരിക്കൽ അപഗ്രഥനം എന്നീ മേഖലകളിൽ സംസ്ഥാനത്തെ മുഖ്യഘടകമായി നിലകൊള്ളുന്നു. കൂടാതെ സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചുള്ള പരാമർശങ്ങൾക്ക് സർക്കാരിൻെറ ഒരു ഉപദേശഘടകമായും പ്രവർത്തിക്കുന്നു. സംസ്ഥാനത്തിൻെറ സാമ്പത്തികസ്ഥിതി വിവരക്കണക്കുകളെ സംബന്ധിച്ച് ആധികാരികമായ റിപ്പോർട്ടുകൾ വിശകലനം ചെയ്ത് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും മറ്റു സാമ്പത്തിക കേന്ദ്രങ്ങൾക്കും അയച്ചുകൊടുക്കുന്നതും ഈ വകുപ്പിൻെറ ചുമതലയിൽപ്പെട്ടതാകുന്നു. തൻമൂലം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ വകുപ്പ് പരമപ്രധാനമായ ഒരു പങ്ക് നിർവഹിച്ചുപോരുന്നു.

റിപ്പോർട്ടുവർഷം ഡോ. പി. എ. നായർ ഡയറക്ടറായി തുടർന്നു. സാങ്കേതിക വിഭാഗത്തിൽ മൂന്ന് അഡീഷണൽ ഡയറക്ടർമാരും ഭരണ നിർവഹണ കാര്യങ്ങളിൽ സഹായിക്കുന്നതിനായി ഒരു അഡ്മിനിസ്ട്രേറ്റിവ് ആഫീസറും ഡയറക്ടറുടെ ഉപദേഷ്ടാക്കളായി പ്രവർത്തിച്ചു പോന്നു. ഡിപ്പാർട്ടുമെൻറിൻെറ ഹെഡ്ഡാഫീസ് ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് എന്ന പേരിൽനിന്നു ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് എന്ന നാമധേയത്തിൽ മാറ്റുകയുണ്ടായി.

ജില്ലാ ആഫീസുകളുടെ നിലവാരവും ജോലി ക്രമങ്ങളും മെച്ചപ്പെടുത്തുന്നതിനുവേണ്ടി 20–10–1981-ലെ ജി.ഒ.എം.എസ്. 43/81/പ്ലാനിംഗ് നമ്പർ പ്രകാരം ജില്ലാ ആഫീസ് മേധാവിയായി ഓരോ ഡെപ്യൂട്ടി ഡയറക്ടർമാർ എല്ലാ ഡിസ്ട്രിക്ട് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലും നിയമിക്കപ്പെട്ടു. റീജിയണൽ ടാബുലേഷൻ സെൻററുകളിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക നിറുത്തലാക്കുകയും അവയെ ഡിസ്ട്രിക്ടുകളിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. 11 ഡിസ്ട്രിക്ട് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തിക (750–1450) എന്ന സ്കെയിലിൽ ഉയർത്തുകയും ഡിസ്ട്രിക്ട് ഓഫീസർ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, ഡിസ്ട്രിക്റ്റ് ഓഫീസ് എന്ന പേരിൽ പുനർനിർണ്ണയം ചെയ്യുകയുമുണ്ടായി. കൊട്ടപ്പാടി ഹെഡ്ക്വാർട്ടേഴ്സായി വയനാട് ജില്ലാ

ആഫീസ് രൂപം കൊള്ളുകയും ചെയ്തു. താലൂക്കുതല പ്രവർത്തനങ്ങാംക്കായി ഓരോ താലൂക്കിലും സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളെ സംബന്ധിക്കുന്ന സാമ്പത്തിക സ്ഥിതി വിവരക്കണക്കു ശേഖരണത്തിനും വിശകലനത്തിനുമായി മിക്കവാറും എല്ലാ വകുപ്പുകളിലും ഡിപ്പാർട്ടുമെൻറിൻെറ ഘടകങ്ങാം പ്രവർത്തിച്ചുവരുന്നു.

## (ii) ഉദ്യോഗസ്ഥൻമാർ

1. ഡയറക്ടർ.—ഡാ. പി. എ. നായർ റിപ്പോർട്ടുവർഷം മുഴുവനും ഡയറക്ടറായി തുടർന്നു.

2. അഡീഷണൽ ഡയറക്ടർമാർ.—ഡാ. ആർ. എസ്. കുറുപ്പ് റിപ്പോർട്ടുവർഷം മുഴുവൻ അഡീഷണൽ ഡയറക്ടർ (ജനറൽ) ആയി തുടർന്നു.

ശ്രീ. റ്റി. കുരുവിള മാത്തൻ അഡീഷണൽ ഡയറക്ടർ (സ്റ്റേറ്റ് ഇൻകം) തസ്തികയിൽ 30–6–1981-വരെ തുടരുകയും 30–6–1981-ൽ റിട്ടയർ ചെയ്യുകയും പകരം ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ അഡീഷണൽ ഡയറക്ടർ തസ്തികയിൽ 2–7–1981-ൽ ചാർജെടുക്കുകയും 31–8–1981-ൽ റിട്ടയർ ചെയ്യുകയും ചെയ്തു. അഡീഷണൽ ഡയറക്ടായി ശ്രീ. ശങ്കരനാരായണൻ പോറ്റി 21–5–1982-ൽ റിട്ടയർ ചെയ്യുകയും പകരം ശ്രീ. കെ. രാമവർമ്മ നിയമിതനാകുകയും റിപ്പോർട്ടുവർഷം തുടരുകയും ചെയ്തു. ശ്രീ. എൻ. ജോർജ് ജോൺ അഡീഷണൽ ഡയറക്ടർ തസ്തികയിൽ 26–1–1982-ന് ചാർജെടുക്കുകയും റിപ്പോർട്ടുവർഷം ആ തസ്തികയിൽ തുടരുകയും ചെയ്തു.

3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.—ശ്രീ. എൻ. വിശ്വനാഥക്കുറുപ്പ് അഡ്മിനിസ്ട്രേററീവ് ആഫീസറായി 31–5–1981-ൽ റിട്ടയർ ചെയ്യുകയും പകരം ശ്രീ. പി. ഗോപാലൻ നായർ അഡ്മിനിസ്ട്രേററീവ് ആഫീസറായി 1981 ജൂൺ മാസം ചാർജെടുക്കുകയും റിപ്പോർട്ടുവർഷം തുടുകയും ചെയ്തു.

4. ജോയിൻറ് ഡയറക്ടർമാർ.—(മറ്റു ഡിപ്പാർട്ടുമെൻറുകളിൽ ജോലി ചെയ്യുന്നവർ ഉാംപ്പെടെ)

1. ശ്രീ. കെ. ഈശ്വരൻകുട്ടി
2. ,, കെ. രാമവർമ്മ മേയ് 1981 വരെ
3. ,, ആർ. ഗോപാലകൃഷ്ണൻ നായർ ജൂലായ് 1981 വരെ
4. ,, കെ. ബാലകൃഷ്ണൻ നായർ
5. ,, പി. റ്റി. ജോസഫ് ഫെബ്രുവരി 1982 വരെ
6. ,, സി. തോമസ് വർഗ്ഗീസ് ജൂൺ 1981 വരെ
7. ,, എൻ. ഗോപാലകൃഷ്ണൻ
8. ,, ജി. രാമചന്ദ്രൻ നായർ
9. ,, ടി. എഡ്വിൻ
10. ,, സ്ഥാണുകൃഷ്ണയ്യർ ഫെബ്രുവരി 1982 മുതൽ
11. ശ്രീമതി പി. എൽ. ശ്രീദേവിയമ്മ ഫെബ്രുവരി 1982 മുതൽ

5. ഡെപ്യൂട്ടി ഡയറക്ടർമാർ.—(മറ്റു ഡിപ്പാർട്ടുമെൻറുകളിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെ)

1. ശ്രീ. ജി. സോമശേഖരൻ നായർ
2. ,, കെ. ഭാസ്കര മേനോൻ
3. ശ്രീമതി എസ്. രത്നാഭായി അമ്മാൾ
4. ,, ടി. സരസ്വതിയമ്മ
5. ശ്രീ. ടി. ജനാർദ്ദന മേനോൻ
6. ,, എ. ബാലകൃഷ്ണൻ
7. ,, പി. ഗോപിനാഥ പിള്ള സെപ്റ്റംബർ 1981 (റിട്ടയർമെൻറ്)
8. ,, വി. കെ. പാറൻ ഉണ്ണി
9. ,, എൻ. വി. ജോർജ്
10. ,, പി. വാസുദേവൻ നമ്പൂതിരി
11. ,, ടി. പി. രാജഗോപാൽ
12. ,, കെ. അച്ചുതൻ ഫെബ്രുവരി 1982 മുതൽ
13. ,, എം. കുട്ടപ്പൻ ഫെബ്രുവരി 1982 മുതൽ
14. ,, പി. ഗോപാലൻ ഫെബ്രുവരി 1982 മുതൽ
15. ,, പി. കെ രാമകൃഷ്ണൻ നായർ ഫെബ്രുവരി 1982 മുതൽ
16. ,, പി. ബി. ലക്ഷ്മണൻ ഫെബ്രുവരി 1982 മുതൽ
17. ,, കെ. പി. മാധവക്കുറുപ്പ് ഫെബ്രുവരി 1982 മുതൽ
18. ,, കെ. ഈശ്വരൻ നമ്പൂതിരി മാർച്ച് 1982 മുതൽ
19. ,, എസ്. നടരാജൻ ഫെബ്രുവരി 1982 മുതൽ
20. ശ്രീമതി കെ. ലീലാകുമാരി ഫെബ്രുവരി 1982 മുതൽ
21. ,, സി. സൈനബ ഫെബ്രുവരി 1982 മുതൽ
22. ശ്രീ. എം. കെ. ഭാസ്കരപിള്ള ഫെബ്രുവരി 1982 മുതൽ
23. ,, സി. ആർ. പരമേശ്വരൻ ഫെബ്രുവരി 1982 മുതൽ

6. അസിസ്റ്റൻറ് ഡയറക്ടർമാർ —(മറ്റു ഡിപ്പാർട്ടുമെൻറുകളിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെ)

1. ശ്രീ. എസ്. നടരാജൻ ഫെബ്രുവരി 1982 വരെ
2. ,, കെ. അച്ചുതൻ ഫെബ്രുവരി 1982 വരെ
3. ,, സി. ആർ. പരമേശ്വരൻ ഫെബ്രുവരി 1982 വരെ
4. ,, എം. കുട്ടപ്പൻ ഫെബ്രുവരി 1982 വരെ
5. ,, എം. കെ. ഭാസ്കരപിള്ള ഫെബ്രുവരി 1982 വരെ
6. ശ്രീമതി സി. സൈനബ ഫെബ്രുവരി 1982 വരെ
7. ,, ലീലാകുമാരി ഫെബ്രുവരി 1982 വരെ
8. ശ്രീ. കെ. പി. മാധവക്കുറുപ്പ് ഫെബ്രുവരി 1982 വരെ
9. ,, പി.കെ. രാമകൃഷ്ണൻ നായർ ഫെബ്രുവരി 1982 വരെ
10. ,, ജി. സുരേന്ദ്രനാഥൻ നായർ
11. ,, പി. ബി. ലക്ഷ്മണൻ ഫെബ്രുവരി 1982 വരെ
12. ,, കെ. ഈശ്വരൻ നമ്പൂതിരി മാർച്ച് 1982 വരെ
13. ,, പി. ഗോപാലൻ ഫെബ്രുവരി 1982 വരെ
14. ,, ഒ. അയ്യപ്പൻ
15. ,, ആർ. പി. നായർ
16. ,, എ. അബ്ദുൾ ഗഫൂർ
17. ,, സി. കുമാരസ്വാമി

18. ശ്രീ. എൻ. വിക്രമൻ നായർ
19. ,, എ. വി. മത്തായി
20. ,, എ. പി. പത്രോസ്
21. ശ്രീമതി എസ്. സുനിത
22. ശ്രീ. സി. സോമവർമ്മൻ
23. ,, ഇ. പി. രാമൻ നമ്പൂതിരി
24. ,, സി. ജി. വാസുദേവൻ നായർ
25. ,, എ. എം. ഹരിദാസൻ നായർ
26. ,, പി. ജെ. ബേസിൽ
27. ,, പി. ആർ. കൃഷ്ണപിള്ള
28. ,, എ. മീരാസാഹിബ്
29. ,, യു. ബാലാജി ഫെബ്രുവരി 1982 മുതൽ
30. ,, പി. ജെ. ജോഷ്വാ
31. ശ്രീമതി ജെ. പത്മം
32. ശ്രീ. എം. ഷംസുദീൻ
33. ,, മാത്യു തോമസ്
34. ,, പി. കെ. ചന്തുനായർ
35. ,, വി. പി. മാത്യു
36. ,, എം. ഉണ്ണികൃഷ്ണൻ
37. ,, വി. പരമേശ്വരൻ നായർ
38. ,, ഇ. പി. ഗോവിന്ദപിള്ള
39. ,, എം. എൻ. രാജൻ
40. ,, സി. പി. ഗോപിനാഥൻ നായർ
41. ,, പി. വൈ. ജേക്കബ്
42. ,, റ്റി. എൻ. വേലായുധൻ
43. ,, എൻ. രാജേന്ദ്രൻ
44. ,, യു. തോമസ് സ്ലീബാ
45. ശ്രീമതി എസ്. മധുർവാണി അമ്മാൾ
46. ശ്രീ. ഇ. ജമാൽ മുഹമ്മദ്

7. റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർ.—

1. ശ്രീ. എം. മുഹമ്മദ് സെർവർഖാൻ
2. ,, കെ. അനന്ത നാരായണയ്യർ
3. ,, എ. ഷാഹുൽ ഹമീദ്
4. ,, കെ. കെ. സുകുമാരൻ
5. ,, വി. സി. കുര്യൻ ഫെബ്രുവരി 1982 വരെ
6. ,, റ്റി. ദിവാകരൻ നായർ
7. ,, കെ. എൻ. രാധാകൃഷ്ണൻ നായർ ഫെബ്രുവരി 1982 വരെ

8. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറുമാർ.—

1. ശ്രീ. വി. കെ. അച്ചുതൻ നമ്പ്യാർ
2. ,, പി. നാരായണൻ
3. ,, കെ. അപ്പുക്കുട്ടൻ നായർ ആഗസ്റ്റ് 1981 വരെ
4. ,, ആർ. വി. അനന്ത സുബ്രഹ്മണ്യം ആഗസ്റ്റ് 1981 മുതൽ

9. സീനിയർ സൂപ്രണ്ടുമാർ.—

1. ശ്രീ. കെ. എ. ശങ്കു
2. ,, കെ. പി. കരുണാകരൻ
3. ശ്രീമതി വി. എസ്. ജാനകി
4. ശ്രീ. എം. ഭാഷ്യം സെപ്റ്റംബർ 1981 മുതൽ

10. പബ്ലിക്കേഷൻ അസിസ്റ്റൻറ്.—

ശ്രീ. ആർ. വി. അനന്തസുബ്രഹ്മണ്യം റിപ്പോർട്ടു വർഷത്തിൽ ആഗസ്ററ് 1981 വരെ പബ്ലിക്കേഷൻ അസിസ്ററൻറായി തുടർന്നു.

11. റിസർച്ച് ഓഫീസർമാർ.—(മററു ഡിപ്പാർട്ടുമെൻറുകളിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെ)

1. ശ്രീ. മാത്യു തോമസ്
2. ,, ടി. ജി. ഫ്രാൻസിസ്
3. ,, കെ. വാസുദേവ ഭട്ടതിരി
4. ,, കെ. ശിവശങ്കരൻ നായർ
5. ,, നാരായണപിള്ള
6. ,, എൻ. അപ്പുക്കുട്ടൻ പിള്ള
7. ,, കെ. സാം വർഗ്ഗീസ്
8. ,, കെ. പി. രാജേന്ദ്രപ്രസാദ്
9 ,, എം. വേലായുധൻ
10. ,, പി. കെ. ജോർജ്
11. ,, പി. ഗോപിനാഥൻ
12. ,, എസ്. കൃഷ്ണൻ നായർ
13 ,, ജെ. ബിയാട്രീസ്
14. ,, റ്റി. യോഹന്നാൻ
15. ശ്രീമതി എ. സരസമ്മ
16. ,, സി. വൈജയന്തി
17. ,, ലില്ലിക്കുട്ടി വർഗ്ഗീസ്
18. ശ്രീ. ജി. രവീന്ദ്രനാഥനാചാരി
19. ,, വി. വിൽസ്
20. ,, എൻ. സുബ്രഹ്മണ്യപിള്ള
21. ,, മാത്യു എം. വർഗ്ഗീസ്
22. ,, റ്റി. എച്ച്. വിൽസ്
23. ,, ജി. മുരുകൻ
24. ശ്രീമതി കെ. ലീല
25. ശ്രീ. എം. അബ്ദുൾ റഹിമാൻ
26. ,, എം. ഡി. യേശുദാസൻ
27. ശ്രീമതി കെ. രാധമ്മ
28. ,, എം. എസ്. വൽസല
29. ശ്രീ .ആർ. മോഹൻദാസ്
30. ശ്രീമതി എസ്. ഇന്ദിര
31. ,, സി. വി. ജയഭാരതിക്കുട്ടി യമ്മ
32. ശ്രീ. കെ. പി. കേശവൻ നായർ
33. ,, കെ. റ്റി. തോമസ്
34. ശ്രീ. പി. സി. ജയിൻ
35. ,, കെ. ജോർജ് മത്തായി
36. ശ്രീമതി എസ്. രാധ
37. ശ്രീ. പി. ഗോപിനാഥൻ നായർ
38. ,, സി. സി. ചെറിയാൻ കുഞ്ഞ്
39. ,, കെ. പി. ഗോപി
40. ,, റ്റി. റ്റി. മൈക്കൽ
41. ,, പി. കൊച്ചുനാരായണ പിള്ള
42. ,, കെ. നാരായണൻ
43. ,, ബി. മോഹനകുമാരൻ നായർ
44. ,, വി. ജെ. ഐസക്
45. ശ്രീമതി കെ. വി. മറിയാമ്മ
46. ,, എ. ശ്യാമളാദേവി
47. ശ്രീ. സി. ജെ. ഗോപാല കൃഷ്ണൻ നായർ
48. ശ്രീമതി കെ. പി. ത്രേസ്യാമ്മ
49. ശ്രീ. പി. ശിവരാമൻ
50. ,, കെ. മുഹമ്മദ്കുട്ടി
51. ,, എം. പി. സതീശൻ
52. ,, വി. പരമേശ്വരൻ നായർ ഫെബ്രുവരി 1981 വരെ
53. ,, കെ. ദിവാകരൻപിള്ള
54. ശ്രീമതി മേരി മാനുവൽ
55. ശ്രീ. എൻ. എസ്. രാജപ്പൻ
56. ,, കെ. ബാലകൃഷ്ണ മേനോൻ
57. ,, ജോസഫ് ജെ. കാവുക്കാട്
58. ,, വി. എം. കുമാരൻ
59. ,, സി. അപ്പുക്കുട്ടൻപിള്ള
60. ,, സി. ഭാസ്കരൻ
61. ,, പി. റ്റി. ആൻറണി
62. ,, പി. പി. ഗോപാലകൃഷ്ണ പിള്ള
63. ,, ആർ. സുബ്രഹ്മണ്യം
64. ,, എൻ. കെ. കൃഷ്ണൻകുട്ടി

65. ശ്രീ. സി. രാജൻ
66. ,, കെ. ദാമോദരൻ
67. ,, പി. കെ. ദാസൻ
68. ,, സി. പി. രാജേന്ദ്രൻ
69. ശ്രീമതി മിനി ജോർജ്
70. ശ്രീ. പി. എസ്. പ്രഭാകരൻ
71. ശ്രീമതി പി. സി. മറിയാമ്മ
72. ശ്രീ. പി. രാഘവൻ നായർ
73. ,, ഇ. ജി. ഗോപാലകൃഷ്ണ മാരാർ
74. ശ്രീ. ടി. ഒ. ജോൺ
75. ,, പി. രാമകൃഷ്ണപിള്ള
76. ,, എം. ഷംസുദീൻ
77. ,, കെ. കെ. സാമന്തഭദ്രൻ
78. ,, ജി. വിഷ്ണുമൂർത്തി
79. ,, എ. ചന്ദ്രികാദേവി
80. ശ്രീമതി എൽ. ആർ. ലില്ലീഭായി
81. ശ്രീ. എൽ. പി. എൻ. കൃഷ്ണൻ
82. ,, കെ. ഗോപാലകൃഷ്ണൻ നായർ
83. ശ്രീ. എൻ. ഗോപാലകൃഷ്ണ കൈമൾ
84. ശ്രീമതി ആർ. സരള
85. ശ്രീ. എസ്. സോമശേഖരപിള്ള
86. ശ്രീമതി കെ. രത്നമ്മ
87. ശ്രീ. കെ. രഘുനന്ദനൻ
88. ശ്രീമതി എൻ. ശാന്തകുമാരി
89. ശ്രീ. എം. എൻ. പത്മനാഭൻ നായർ
90. ,, രാജിപ്രസാദ്
91. ,, ടി. വി. ഐസക്
92. ശ്രീമതി ബി. അംബികാകുമാരി
93. ശ്രീ. പി. സുന്ദരേശൻ
94. ,, ജെ. ഷാഹുൽ ഹമീദ്
95. ,, കെ. വിശ്വനാഥൻ
96. ,, എ. എം. ജോസഫ്
97. ,, കെ. മാധവനുണ്ണി
98. ശ്രീമതി കെ. പാറുക്കുട്ടിയമ്മ
99. ശ്രീ. ടി. മണി
100. ,, എൻ. ശിവദാസൻ

12. ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർ.—

1. ശ്രീ. എസ്. ആർ. സെൽവരാജ്
2. ,, എസ് മാധവൻ നായർ
3. ,, കെ. പി. കരുണാകരൻ പിള്ള
4. ,, ഡി. സുകുമാരൻ നായർ
5. ,, ഡി. കെ. വിദ്യാനന്ദൻ ഫെബ്രുവരി 1982 വരെ
6. ,, വി. സി. കുര്യൻ
7. ,, വി. സി. ജോർജ്
8. ,, കെ. വി. കുഞ്ഞാമൻ നായർ ഫെബ്രുവരി 1982 വരെ
9. ,, കെ. നാരായണൻ നായർ
10. ,, എച്ച്. പത്മനാഭയ്യർ
11. ,, കെ. എൻ. രാധാകൃഷ്ണൻനായർ ഫെബ്രുവരി 1982 മുതൽ

13. അഡീഷണൽ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/പ്രൈസ് സൂപ്പർവൈസറി ഓഫീസർ.—

1. ശ്രീ. കെ. കൃഷ്ണൻ
2. ,, എസ്. ചന്ദ്രശേഖരൻ നായർ
3. ,, എം. നാരായണൻ
4. ,, എൻ. ബാലകൃഷ്ണൻ നായർ
5. ,, കെ. ശിവപാലൻ
6. ,, സി. എ. ആനന്ദൻ
7. ,, ജോർജ് മാത്യു
8. ശ്രീമതി പി. രാജമ്മാൾ
9. ശ്രീ. ടി. പി. ഗോപിനാഥൻ
10. ശ്രീ. കെ. പ്രഭാകരൻ
11. ശ്രീമതി എൻ. തങ്കമ്മ
12. ശ്രീ. കെ. അപ്പു ആചാരി
13. ,, എം. മുഹമ്മദ് മൂസാക്കുഞ്ഞ്
14. ,, സി. പി. മാത്തുണ്ണി
15. ,, കെ. രാമക്കുറുപ്പ്
16. ശ്രീമതി എം. എസ്. പുഷ്പകുമാരി
17. ,, എ. വി. യാക്കോബ്
18. ,, പി. എം. പോൾ

19. ശ്രീ. ബി. നാരായണൻ നായർ
20. ,, കെ. ശ്രീധരൻ
21. ,, റ്റി. വി. ഫിലിപ്പോസ്
22. ,, കെ. പി. കൃഷ്ണൻ
23. ,, ആർ. രവീന്ദ്രനാഥൻ കർത്താ
24. ,, റ്റി. യു. മത്തായി
25. ,, എൻ. ഗോപാലൻ നായർ
26. ,, കെ. ഗോപിനാഥൻ
27. ,, എം. സി. സാമുവൽ
28. ശ്രീ. റ്റി. ശ്രീധരൻ
29. ,, കെ. എം. യോഹന്നാൻ
30. ,, പി. എം. അബൂബേക്കർ
31. ,, വി. എസ്. ദാമോദരൻനായർ
32. ,, കെ. എൻ. വാസുദേവൻ നായർ
33. ,, ജി. അരവിന്ദാക്ഷൻ നായർ
34. ,, കെ. റ്റി. സഖറിയ
35. ,, റ്റി. ജി. ശങ്കരൻ

14. സ്ക്രൂട്ടിനി ഓഫീസർമാർ.—

1. ശ്രീ. കെ. ഗോപാലൻ നാടാർ 28-2-1982 (റിട്ടയർ ചെയ്തു)
2. ശ്രീമതി ജെ. സരോജിനി ദേവി
3. ,, അന്നമ്മ മാത്യു
4. ,, എസ്. സരസ്വതി

15. മറ്റു ഡിപ്പാർട്ടുമെൻറുകളിൽ ജോലി ചെയ്യുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർ.—

1. ശ്രീ. കെ. ആർ. രാജൻ
2. ,, കെ. ശ്രീകണ്ഠൻ നായർ
3. ,, എച്ച്. ജോൺസൺ
4. ,, എം. കെ. ഷൺമുഖം ഫെബ്രുവരി 1982 വരെ

16. ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർമാർ.—

| | | |
|---|---|---|
| 1. ശ്രീ. എം. ശ്രീരാമൻ | കോഴിക്കോട് | കോർപ്പറേഷൻ |
| 2. ,, വി. എ. ജനാർദ്ദനൻ | കൊച്ചിൻ | ,, |
| 3. ,, കെ. സി. സുഗതൻ | കൊല്ലം | മുനിസിപ്പാലിറ്റി |

ഈ ഡിപ്പാർട്ടുമെൻറിലെ ഔദ്യോഗിക തസ്തികകളുടെ എണ്ണം 1982 മാർച്ച് 1981-ന് താഴെ പറയുന്ന പ്രകാരമായിരുന്നു.—

| നമ്പർ | തസ്തിക | | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1. | ഡയറക്ടർ | .. | 1 | |
| 2. | അഡീഷണൽ ഡയറക്ടർ | .. | 3 | |
| 3. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | .. | 1 | |
| 4. | ജോയിൻറ് ഡയറക്ടർ | .. | 7 | |
| 5. | ഡെപ്യൂട്ടി ഡയറക്ടർ | .. | 18 | |
| 6. | അസിസ്റ്റൻറ് ഡയറക്ടർ | .. | 34 | |
| 7. | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് | .. | 3 | |
| 8. | റിസർച്ച് ഓഫീസർ | .. | 99 | |
| 9. | റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | .. | 5 | |
| 10. | ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | .. | 11 | |
| 11. | അഡീഷണൽ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | .. | 39 | |

| നമ്പർ | തസ്തിക | | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|---|
| 12. | സ്ക്രൂട്ടിനി ഓഫീസർ | .. | 3 | |
| 13. | സീനിയർ സൂപ്രണ്ട് | .. | 4 | |
| 14. | ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർ | .. | 5 | |
| 15. | ജൂനിയർ സൂപ്രണ്ട് | .. | 3 | |
| 16. | ഫെയർ കോപ്പി സൂപ്രണ്ട് | .. | 3 | |
| 17. | റിസർച്ച് അസിസ്റ്റൻറ്/ എസ്. ഐ./ പ്രൈസ് ഇൻസ്പെക്ടർ | .. | 302 | |
| 18. | ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ | .. | 155 | |
| 19. | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | .. | 4 | |
| 20. | യു. ഡി. ടൈപ്പിസ്റ്റ് | .. | 13 | |
| 21. | എൽ. ഡി. ടൈപ്പിസ്റ്റ് | .. | 34 | |
| 22. | ലാംഗ്വേജ് ടൈപ്പിസ്റ്റ് | .. | 2 | |
| 23. | കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് (ഗ്രേഡ് 1) | .. | 2 | |
| | ,, (ഗ്രേഡ് 2) | .. | 5 | |
| 24. | യു. ഡി. ക്ലാർക്ക് | .. | 21 | |
| 25. | എൽ. ഡി. ക്ലാർക്ക് | .. | 39 | |
| 26. | യു. ഡി. കമ്പയിലർ/ഇൻവെസ്റ്റിഗേറ്റർ/പഞ്ച് കാർഡ് ഓപ്പറേറ്റർ | .. | 395 | |
| 27. | എൽ. ഡി. ,, | .. | 976 | |
| 28. | ഡ്രാഫ്റ്റ്സ്മാൻ (യു.ഡി.) | .. | 2 | |
| 29. | ,, (എൽ. ഡി.) | .. | 1 | |
| 30. | ഡഫേദാർ | .. | 1 | |
| 31. | മൊച്ചി | .. | 1 | |
| 32. | അറ്റൻഡർ | .. | 1 | |
| 33. | റോട്ടാ ടൈപ്പിസ്റ്റ് | .. | 1 | |
| 34. | ഡ്രൈവർ | .. | 6 | |
| 35. | നൈറ്റ് വാച്ചർ | .. | 1 | |
| 36. | പ്യൂൺ | .. | 40 | |

## ചെലവുകൾ 1981–82

ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സിൽ റിപ്പോർട്ട് വർഷത്തിൽ (1981–82) വിവിധ പദ്ധതികൾക്കായി ചിലവായ തുകയുടെ വിവരണം താഴെ കൊടുക്കുന്നു:—

**നോൺ പ്ലാൻ.—**

| | | രൂപ |
|---|---|---|
| 304 (ഡി) 1 | ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് | 72,13,281 |
| 304 (ഡി) 2 | ദേശീയ സാമ്പിൾ സർവേ | 5,97,048 |

| | | രൂപ |
|---|---|---|
| 304 (ഡി) 6 | സംസ്ഥാന വരുമാന വിഭാഗം | 1,63,303 |
| 304 (ഡി) 7 | വിലവിവര ഘടകശക്തിപ്പെടുത്തൽ | 5,08,657 |
| 304 (ഡി) 8 | ആസൂത്രണത്തിനുവേണ്ടി ധനവിഭവങ്ങളുടെ സ്ഥിതിവിവരക്കണക്കു വിഭാഗം ആരംഭിക്കൽ | 11,251 |
| 304 (ഡി) 9 | നഗരങ്ങൾ, മുനിസിപ്പൽ, പട്ടണങ്ങൾ ഇവയെ സംബന്ധിച്ച സ്ഥിതിവിവരങ്ങളും ജില്ലാ സ്ഥിതിവിവര ലഘുലേഖകളും തയ്യാറാക്കൽ | 27,136 |
| 304 (ഡി) 10 | ഔദ്യോഗിക സ്ഥിതിവിവരക്കണക്ക് ഏകോപനം | 53,922 |
| 304 (ഡി) 13 | വിലയിരുത്തൽ ഘടകം | 2,08,983 |
| 307 (എഫ്) 1 | മണ്ണു സംരക്ഷണ വിലയിരുത്തൽപരിപാടി | 62,575 |
| 320 എ (എഫ്)5 | വ്യാവസായിക സ്ഥിതി വിവരക്കണക്കുകൾ | 1,12,267 |
| 265 (ഇ) 3 | മുനിസിപ്പാലിറ്റികളിലെ സ്റ്റാറ്റിസ്ററിക്കൽ വിഭാഗം ശക്തിപ്പെടുത്തൽ | 5,02,032 |
| 823 ഇ (ഇ) | ഹൗസിങ്ങ് സ്ററാററിസ്ററിക്കൽ സെൽ | 1,06,418 |
| 281 (1) 5 | ഫെർട്ടിലിററി സർവേ | 14,992 |

പ്ലാൻ.—

| | | |
|---|---|---|
| 304 (ഡി) 3 | സംസ്ഥാന സ്ററാററിസ്ററിക്കൽ ഡയറക്ടറേററിലുള്ളവർക്ക് പരിശീലനപരിപാടി | 51,003 |
| 304 (ഡി) 12 | അതാതു കാലത്തെ കാർഷിക സ്ഥിതി വിവരക്കണക്കുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സർവേ | 75,46,057 |
| 304 (ഡി) 17 | സാമ്പത്തിക സെൻസസും സർവേയും | 2,56,582 |
| 304 (ഡി) 26 | ജലസേചന സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നത് അഭിവൃദ്ധിപ്പെടുത്തൽ | 59,082 |
| 304 (ഡി) 27 | സംസ്ഥാന വരുമാന സ്ഥിതിവിവരക്കണക്കുവിഭാഗം വിവിധ തലങ്ങളിൽ മെച്ചപ്പെടുത്തുന്നതിന് | 2,95,660 |
| 304 (ഡി) 28 | വിവിധ സർവേകളും പഠനങ്ങളും | 11,44,028 |
| 304 (ഡി) 20 | ജീപ്പ് വാങ്ങിയത് | 77,399 |
| 231 (1) 3 | ജനസംഖ്യാപഠനകേന്ദ്രം | 1,55,112 |
| 305 (എം) 1 | കാർഷിക കണക്കെടുപ്പ് | 1,09,062 |
| 305 (0) 10 | മാർക്കററ് ഇൻറലിജൻസ് പുനഃസംഘടിപ്പിക്കൽ | 2,51,479 |

## അദ്ധ്യായം 2

## കൃഷി വിഭാഗം

1. കാർഷിക സ്ഥിതിവിവര കണക്കു വിഭാഗം.—1975–76-ൽ ആരംഭിച്ച ഈ പദ്ധതിയുടെ ഒന്നാം ഘട്ടം 1981 ജൂണിൽ പൂർത്തിയായി. രണ്ടാം ഘട്ടത്തിലെ ഒന്നാം വർഷ സർവേ 1981 ജൂലായിൽ ആരംഭിച്ചു. വിവിധ വിളവുകൾ കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി, മറ്റു ഭൂവിനിയോഗങ്ങൾ മുതലായവ തിട്ടപ്പെടുത്തുക, ജലസേചനം ലഭിക്കുന്ന സ്ഥലത്തിൻെറ വിസ്തൃതി, പ്രധാന കാർഷിക വിളവുകളുടെ ഉൽപാദനം, അത്യുൽപ്പാദന ശേഷിയുള്ള നെൽക്കൃഷി ചെയ്യുന്ന നിലത്തിൻെറ വിസ്തൃതി എന്നിവയുടെ മതിപ്പ് തയ്യാറാക്കുക ഇവയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

മൊത്തം 265 വില്ലേജുകളാണ് ഇത്തവണ സർവേ നടത്തുന്നതിനു വേണ്ടി തിരഞ്ഞെടുത്തത്. ഏകതല സാംപ്ലിംഗാണ് പ്രധാന സർവേയ്ക്ക് അവലംബിച്ചിട്ടുള്ളത്. താലൂക്ക് ഒരു സ്ട്രാറ്റം ആയും റവന്യൂ വില്ലേജ് അതിൻെറ യൂണിറ്റായും ഗണിച്ചു വരുന്നു.

1981–82-ലെ ഭൂവിനിയോഗത്തിൻെറയും ദീർഘകാല വിളവുകളുടെയും വിവരങ്ങൾ ശേഖരിച്ചു. ഹ്രസ്വകാല വിളവുകളുടേത് വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ കാലയളവുകളിലാണ് ശേഖരിച്ചത്. കൂടാതെ നെല്ല്, മരച്ചീനി, തെങ്ങ്, കമുക്, കശുമാവ്, കുരുമുളക്, പൈനാപ്പിൾ, ചോളം, റാഗി, ഏലം എന്നിവയുടെ വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തി. വിരിപ്പ്, മുണ്ടകൻ, നെൽക്കൃഷിയുടെ വിവരങ്ങൾ തിട്ടപ്പെടുത്തി. പുഞ്ച ക്കൃഷിയുടെ വിവരങ്ങൾ തിട്ടപ്പെടുത്തി. പുഞ്ചക്കൃഷിയുടേത് നടപ്പു വർഷം ആരംഭിച്ചു.

2. ഉൽപാദന സ്ഥിതിവിവരം.—(എ) നെല്ല്.—1980–81-ലെ മുണ്ടകൻ, പുഞ്ച 1981–82-ലെ വിരിപ്പ് എന്നീ കൃഷികളുടെ വിളവെടുപ്പ് പരീക്ഷണങ്ങളെയും, ഫീൽഡ് സർവേയെയും അടിസ്ഥാനമാക്കി നെൽ ക്കൃഷി ചെയ്ത സ്ഥലത്തിൻെറ വിസ്തീർണ്ണം, ശരാശരി വിളവ്, ഉൽപാദിപ്പിച്ച അരി എന്നിവ താഴെ കൊടുക്കുന്നു:

| മുണ്ടകൻ 1981 (1) | പരീക്ഷണങ്ങളുടെ എണ്ണം (2) | കൃഷി ചെയ്ത സ്ഥലം (ഹെ.) (3) | ശരാശരി വിളവ് കി. ഗ്രാം/ഹെ. (4) | ഉൽപാദനം അരി (ടൺ) (5) |
|---|---|---|---|---|
| മുണ്ടകൻ 1981 | 1436 | 354132 | 2357 | 548500 |
| പുഞ്ച 1981 | 1053 | 98324 | 2627 | 169714 |
| വിരിപ്പ് 1982 | 1416 | 347077 | 2442 | 556918 |

(ബി) മരച്ചീനിയുടെ വിളവെടുപ്പ് പരീക്ഷണങ്ങൾ.—മുൻ വർഷങ്ങളിലെപ്പോലെ കുട്ടനാട്, പറവൂർ, കൊച്ചി, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകൾ ഒഴികെ സംസ്ഥാനത്തെ മറ്റെല്ലാ താലൂക്കുകളിലും ഈ സർവേ നടത്തു

കയുണ്ടായി. 1979-80-ൽ മരച്ചീനി കൃഷി ചെയ്ത സ്ഥലത്തിൻെറ വിസ്തീർണ്ണവും, ഉൽപ്പാദനവും മറ്റും താഴെ കൊടുക്കുന്നു:

| കാലയളവ് | അപഗ്രഥിച്ച പരീക്ഷണങ്ങളുടെ എണ്ണം | കൃഷി ചെയ്ത സ്ഥലം (ഹെക്ടർ) | ശരാശരി വിളവ് ടൺ/ ഹെക്ടർ | പച്ചക്കപ്പയുടെ ഉൽപ്പാദനം (ടൺ) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1979-80 | 1235 | 243763 | 17.25 | 4088916 |

1980-81-ലെ വിവരങ്ങൾ തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

(സി) തെങ്ങ്, കമുക്, കുരുമുളക്, കശുമാവ് തുടങ്ങിയവയുടെ വിളവെടുപ്പ് പരീക്ഷണങ്ങൾ.—1980-81-ൽ തെങ്ങ്, കമുക്, കശുമാവ്, കുരുമുളക്, ഏലം, കൊക്കൊ, ഇഞ്ചിപ്പുല്ല്, പപ്പായ എന്നീ ഇനങ്ങൾക്ക് വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തുകയും ഇവ കൃഷി ചെയ്ത സ്ഥലത്തിൻെറ വിസ്തീർണ്ണം തിട്ടപ്പെടുത്തിക്കൊണ്ടിരിക്കയും ചെയ്യുന്നു.

1981-82-ൽ തെങ്ങ്, കമുക്, കശുമാവ്, കുരുമുളക് എന്നിവ കൂടാതെ ഏലം, ചോളം, പൈനാപ്പിൾ, കൂവരക് എന്നിവകൂടി വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തുന്നതിനുവേണ്ടി തിരഞ്ഞെടുക്കുകയും അതനുസരിച്ചുള്ള സർവേ പുരോഗമിക്കുകയും ചെയ്തു.

3. കാർഷിക സ്ഥിതിവിവരക്കണക്ക്.—1979-80-ലെ കാർഷിക സ്ഥിതിവിവരക്കണക്ക് പ്രസിദ്ധീകരിച്ചു. 1980-81-ലേത് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

പ്രധാനപ്പെട്ട വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതിയും, ഉൽപാദനവും മുൻകൂട്ടി കണക്കാക്കുന്ന രീതി അനുസരിച്ച് റിപ്പോർട്ടുവർഷവും പ്രസ്തുത റിപ്പോർട്ടുകൾ തയ്യാറാക്കി നിശ്ചിത സമയത്തിന് ഇൻഡ്യാ ഗവൺമെൻറിനും, സംസ്ഥാന ഗവൺമെൻറിനും അയച്ചുകൊടുത്തു.

മഴയുടെ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കൽ.—സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽനിന്നും ദിവസേനയുള്ള മഴ വിവരം ശേഖരിക്കുന്നു. ഇവ സമാഹരിച്ച് പൂനയിലെ ഒബ്സർവേറ്ററി ഡപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്തു.

സമാന്തര സാമ്പിൾ പരിശോധനാ പദ്ധതി.—ററി. ആർ. എസ്സിനു തിരഞ്ഞെടുക്കപ്പെട്ട എല്ലാ വില്ലേജുകളിലും ഈ പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതിൻെറ മേൽനോട്ടം ഈ ഡിപ്പാർട്ടുമെൻറിലെ അഡീഷണൽ ജില്ലാ സ്ററാററിസ്ററിക്കൽ ഓഫീസർമാരിലും എൻ. എസ്. എസോവിലും നിക്ഷിപ്തമായിരുന്നു. സ്വന്തം അധികാരപരിധിയിൽ വരുന്ന സാമ്പിളിലെ ഫീൽഡ്‌വർക്ക് അതാത് ജില്ലാ ആഫീസർമാർ നടത്തിവന്നു. തിരഞ്ഞെടുക്കപ്പെട്ട പ്ലോട്ടുകളിൽ ഈ ജോലി റിപ്പോർട്ട് വർഷത്തിൽ നടത്തുകയുണ്ടായി. 1982-83-ലെ സർവ്വേയ്ക്കുവേണ്ട പ്രാരംഭ ജോലികളും തുടങ്ങിയിട്ടുണ്ട്.

കാർഷിക സെൻസസ് 1980–81.—ഭാരതത്തിലാകമാനം നടത്തുന്ന കാർഷിക സെൻസസിൻെറ ഭാഗമായി കേരളത്തിലും കാർഷികവർഷം 1980–81 അടിസ്ഥാനമാക്കി സംസ്ഥാന വ്യാപകമായി കാർഷിക സെൻസസ് നടത്തുന്നതിന് കേന്ദ്ര–സംസ്ഥാന സർക്കാരുകളിൽനിന്നും അനുമതി ലഭിച്ചു. ഈ പദ്ധതിക്ക് 11.56 ലക്ഷം രൂപയാണ് കേന്ദ്ര ഗവൺമെൻറിൽനിന്നും അനുവദിച്ചിട്ടുള്ളത്.

സെൻസസിൻെറ പ്രധാന ലക്ഷ്യങ്ങാം.—ഭൂപരിഷ്കരണ നിയമം നടപ്പാക്കിയതിനുശേഷം ഭൂമിയുടെ കൈവശാവകാശത്തിൽ വന്നിട്ടുള്ള മാററങ്ങളും തൻമൂലം ഉണ്ടായിട്ടുള്ള ഗുണങ്ങളും അപഗ്രഥിക്കുന്നതിനാവശ്യമായ വിവരങ്ങളും ശേഖരിക്കുക.

2. ഭൂവിനിയോഗം, കാർഷികവിള ഭൂമിയുടെ വിസ്തീർണ്ണം ജലസേചനസൗകര്യം തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങാം ശേഖരിക്കുക.

3. വിത്ത്, വളം, കീടനാശിനികാം തുടങ്ങി കാർഷികാവശ്യത്തിനുള്ള അവശ്യഘടകങ്ങളെപ്പററി സമഗ്രമായ വിവരങ്ങാം ശേഖരിക്കുക.

4. കാർഷികാവശ്യങ്ങാംക്കുവേണ്ടി ഉപയോഗിക്കുന്ന ഉപകരണങ്ങാം, കന്നുകാലികാം തുടങ്ങിയവയെപ്പററിയും, കാർഷികവായ്പയുടെ ലഭ്യതയേയും കുറിച്ച് പ്രധാന വിവരങ്ങാം ശേഖരിക്കുക.

ചുരുക്കത്തിൽ ഇപ്പോാം നടത്തുന്ന സെൻസസിൽനിന്നു കിട്ടുന്ന വസ്തുതകാം മുൻപു ലഭിച്ച വിവരങ്ങളുമായി തുലനം ചെയ്ത് കാർഷിക രംഗത്ത് കാലാനുഗതമായി വന്നിട്ടുള്ള സുപ്രധാന മാററങ്ങളും ഭൂപരിഷ്കരണനിയമം നടപ്പാക്കിയതിനുശേഷം കർഷകർക്ക് പ്രത്യേകിച്ചും, കാർഷികരംഗത്ത് പൊതുവിലും അനുഭവപ്പെട്ട പ്രധാന നേട്ടങ്ങളെ വിലയിരുത്തുക എന്ന മുഖ്യമായ ലക്ഷ്യവും ഈ സെൻസസ്കൊണ്ട് ഉദ്ദേശിക്കുന്നു.

പദ്ധതി.—കേരളത്തിലെ 58 താലൂക്കുകളിൽ ഓരോന്നിൽനിന്നും 10 ശതമാനം കരകളും (സെൻസസ് വില്ലേജ്)/വാർഡുകളും ഈ സെൻസസിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ആകെ 723 കരകളിലും, വാർഡുകളിലുമാണ് കാർഷിക സെൻസസ് നടത്തുന്നത്. ഓരോ ജില്ലയിലേയും വില്ലേജുകളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു:

| ക്രമ നമ്പർ | ജില്ലയുടെ പേര് | | ആകെ വില്ലേജുകാം/വാർഡുകാം | തെരഞ്ഞെടുത്ത വില്ലേജുകാം/വാർഡുകാം |
|---|---|---|---|---|
| (1) | (2) | | (3) | (4) |
| 1. | തിരുവനന്തപുരം | .. | 563 | 56 |
| 2. | കൊല്ലം | .. | 850 | 85 |
| 3. | ആലപ്പുഴ | .. | 733 | 73 |
| 4. | ഇടുക്കി | .. | 293 | 30 |
| 5. | കോട്ടയം | .. | 460 | 46 |
| 6. | എറണാകുളം | .. | 783 | 78 |
| 7. | തൃശ്ശൂർ | .. | 1014 | 101 |

| ക്രമ നമ്പർ | ജില്ലയുടെ പേര് | | ആകെ വില്ലേജുകൾ/വാർഡുകൾ | തെരഞ്ഞെടുത്ത വില്ലേജുകൾ/വാർഡുകൾ |
|---|---|---|---|---|
| (1) | (2) | | (3) | (4) |
| 8. | പാലക്കാട് | .. | 527 | 53 |
| 9. | മലപ്പുറം | .. | 661 | 66 |
| 10. | കോഴിക്കോട് | .. | 593 | 59 |
| 11. | വയനാട് | .. | 64 | 6 |
| 12. | കണ്ണൂർ | .. | 694 | 70 |
| | ആകെ | .. | 7235 | 723 |

തെരഞ്ഞെടുക്കപ്പെട്ട ഓരോ സാമ്പിളിലും ഉള്ള കൃഷിഭൂമി കൈവശക്കാരുടെ (അഗ്രിക്കൾച്ചറൽ ഹോൾഡിംഗ്) പട്ടിക സാമ്പിളിലുള്ള എല്ലാ വീടുകളും സന്ദർശിച്ച് തയ്യാറാക്കുന്നു. ഭൂമി കൈവശക്കാരിൽ ഗാർഹിക കൈവശക്കാർ (ഹൗസ് ഹോൾഡ് ഓപ്പറേഷൻ ഹോൾഡേഴ്സ്) സ്ഥാപന കൈവശക്കാർ (ഇൻസ്ററിററ്യൂഷണൽ ഹോൾഡേഴ്സ്) എന്നീ രണ്ടു വിഭാഗക്കാർ ഉള്ളതിനാൽ ഈ ഓരോ വിഭാഗത്തിനും പ്രത്യേകം പട്ടികകൾ തയ്യാറാക്കുന്നതാണ്. പ്രധാന സെൻസസിനുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഗാർഹിക കൈവശക്കാരുടെ പട്ടികയിൽനിന്നും വിസ്തീർണ്ണമനുസരിച്ച് 5 സെൻറിനു മുകളിലുള്ളവയെ 6 വിഭാഗങ്ങളായി തിരിച്ച് 5 സെൻറിനു മുകളിൽ 2499 സെൻറുവരെയുള്ളവരിൽനിന്നും 25 ശതമാനം കൈവശക്കാരെയും, 2500 സെൻറും അതിനു മുകളിലുള്ളവയിൽനിന്നും എല്ലാപേരെയും തെരഞ്ഞെടുക്കുന്നു. 5 സെൻറിനു താഴെയുള്ള കൈവശക്കാരെ പ്രധാന സെൻസസിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന ഓരോ കൈവശക്കാരനേയും പ്രത്യേകം പ്രത്യേകം സന്ദർശിച്ച് അയാളുടെ കൈവശഭൂമിയുടെ വിനിയോഗം, വിളകളുടെ വിസ്തീർണ്ണം, ജലസേചനസൗകര്യം തുടങ്ങിയവയെപ്പററിയുള്ള വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. ഓരോ സാമ്പിളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഗാർഹിക കൈവശക്കാരിൽനിന്നും 20 പേരെ (ഓരോ വിഭാഗത്തിൽനിന്നും 4 വീതം) തെരഞ്ഞെടുത്ത് കാർഷികാവശ്യത്തിന് ഉപയോഗിച്ച നിവേശങ്ങളെപ്പററിയും, കാർഷിക ഉപകരണങ്ങളെപ്പററിയും കാർഷിക വായ്പയുടെ ലഭ്യതയേയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു.

<u>നടത്തിപ്പ്</u>.—കാർഷിക സെൻസസ് നടപ്പാക്കുന്നതിനുള്ള ചുമതല സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പിൽ നിക്ഷിപ്തമാണ്. കേരളത്തിലെ ലാൻറ് റവന്യൂവിൻെറ ചുമതല വഹിക്കുന്ന റവന്യൂ ബോർഡ് മെമ്പർ സെൻസസ് കമ്മീഷണറും, സാമ്പത്തിക സ്ഥിതിവിവര വകുപ്പ് ഡയറക്ടർ സെൻസസ് ഡയറക്ടറുമാണ്.

തെരഞ്ഞെടുക്കപ്പെട്ട ഓരോ കര/വാർഡിലും സെൻസസ് സംബന്ധിച്ച ജോലികൾക്കുവേണ്ടി റവന്യൂ, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളിൽ നിന്നു ഓരോ വില്ലേജ് അസിസ്ററൻറുമാരെ നിയമിച്ചിട്ടുണ്ട്. റവന്യൂ ഇൻസ്പെക്ടർമാരും, തഹസീൽദാർമാരും, അതിൻെറ മേൽനോട്ടം വഹിക്കുന്നു. സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരാണ് നിവേശപര്യവേക്ഷണജോലി ചെയ്യുന്നത്. സെൻസസിൻെറ ജോലികൾ കൃത്യസമയത്ത്

തന്നെ ചെയ്തു തീർക്കുന്നതിന് ഇതിൻെറ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് ഒരു പ്രത്യേക വേതനവും നിശ്ചയിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാരും, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർമാരും സെൻസസിൻെറ മേൽനോട്ടം വഹിക്കുന്നു. താലൂക്ക് തലത്തിലും, വില്ലേജ് തലത്തിലും സെൻസസിന് തെരഞ്ഞെടുക്കപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാർക്കും വേണ്ട പരിശീലനം നൽകികഴിഞ്ഞു.

പ്രവർത്തന പുരോഗതി.—പ്രധാന സെൻസസ്.—തെരഞ്ഞെടുക്കപ്പെട്ട എല്ലാ വില്ലേജുകളിലും പട്ടിക തയ്യാറാക്കൽ ജോലി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

സെൻസസ് പ്രവർത്തനത്തിന് അനുവദിച്ചിട്ടുള്ള തസ്തികകൾ.—സംസ്ഥാനത്തെ സെൻസസ് പ്രവർത്തനങ്ങൾക്കുവേണ്ടി സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റിൽ താഴെ പറയുന്ന തസ്തികകൾ അനുവദിച്ചിട്ടുണ്ട്:

| | | | |
|---|---|---|---|
| 1. | ജോയിൻറ് ഡയറക്ടർ | .. | 1 |
| 2. | റിസർച്ച് അസിസ്റ്റൻറ് | .. | 2 |
| 3. | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് | .. | 1 |
| 4. | ടൈപ്പിസ്റ്റ് | .. | 1 |
| 5. | സ്റ്റെനോഗ്രാഫർ | .. | 1 |
| 6. | പ്യൂൺ | .. | 1 |

ഈ തസ്തികകൾക്കു പുറമേ ഒരു ഡപ്യൂട്ടി ഡയറക്ടർ, രണ്ടു യു. ഡി. കമ്പയിലർ, ഒരു ഡ്രൈവർ, ഒരു പ്യൂൺ എന്നീ തസ്തികകൾ കൂടുതലായി അനുവദിക്കുന്നതിന് സംസ്ഥാന ഗവൺമെൻറിനോട് ശുപാർശ ചെയ്യുകയും അനുവാദം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

പദ്ധതിച്ചെലവ്.—സെൻസസ് പ്രവർത്തനങ്ങൾക്ക് റിപ്പോർട്ടു വർഷത്തിൽ ആകെ 1,02,265 രൂപാ ചെലവായി.

കൃഷിച്ചെലവ് കണക്കാക്കൽ സർവേ.—സംസ്ഥാനത്തെ പ്രധാന വിളവുകളുടെ കൃഷിച്ചെലവു കണക്കാക്കുന്നതിനായി 1980–81 മുതൽ 1982–83 വരെ മൂന്നു വർഷത്തേക്ക് ഒരു സർവേ നടത്തുന്നതിന് 27–10–1979-ൽ ജി.ഒ. (ആർ.ടി.) 466/79/പ്ലാനിംഗ് പ്രകാരം ഉത്തരവായി. അതിൻപ്രകാരം 1980–81-ലെ സർവേ 1981 മാർച്ച് മാസം 31-ാം തീയതി പൂർത്തിയായി. രണ്ടാം വർഷ സർവേ 1981 ഏപ്രിൽ 10-ാം തീയതി സംസ്ഥാനത്തെ പ്രധാനപ്പെട്ട വിളവുകളായ നെല്ല്, മരച്ചീനി, തെങ്ങ്, കമുക്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷിച്ചെലവ് കണക്കാക്കുന്നതിനായി ഒന്നാം വർഷത്തിൽ തിരഞ്ഞെടുക്കപ്പെട്ട 21 താലൂക്കുകളിൽ ഉൾപ്പെട്ട 42 വില്ലേജുകളിൽ ആരംഭിക്കുകയും 31–3–1982-ൽ പൂർത്തിയാക്കുകയും ചെയ്തു. ഹെഡ്ക്വാർട്ടേഴ്സിൽ സർവേ സംബന്ധിച്ചുള്ള ജോലിക്കുവേണ്ടി ജോയിൻറ് ഡയറക്ടറുടെ (കൺസ്ട്രക്ഷൻ സർവേ) മേൽ നോട്ടത്തിൽ ഒരു റിസർച്ച് അസിസ്റ്റൻറും, ഒരു യു. ഡി. കമ്പയിലറും ഉണ്ടായിരുന്നു. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട 42 വില്ലേജുകളിലും കൃഷിച്ചെലവിനെപ്പറ്റി പഠനം നടത്തുന്നതിനായി 14 യു. ഡി. ഇൻവെസ്റ്റിഗേറ്റർമാരും 28 എൽ. ഡി. ഇൻവെസ്റ്റിഗേറ്റർമാരും ഈ വർഷത്തിലും നിയോഗിക്കപ്പെട്ടിരുന്നു. മേൽ പറഞ്ഞ വിവരശേഖരണം പരിശോധിക്കുന്നതിന് താലൂക്കു തലത്തിൽ ഒരു അഡീഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടറും ജില്ലാ

തലത്തിൽ ജില്ലാ സ്ററാററിസ്ററിക്കൽ ഓഫീസറും നിയോഗിക്കപ്പെട്ടിരുന്നു.

സർവേയുടെ ഒന്നാം വർഷത്തിൽ ശേഖരിക്കപ്പെട്ട വിവരം റിപ്പോർട്ടിന് ആധാരമായ വിവിധതരം പട്ടികകൾ തയ്യാറാക്കുന്നതിന് 3 യു. ഡി. ഇൻവെസ്ററിഗേററർമാർ കമ്പയിലർമാരായി ഹെഡ് ക്വാർട്ടേഴ്സിൽ റിപ്പോർട്ടു വർഷത്തിൻെറ മൂന്നാം പാദത്തിൽ നിയോഗിക്കപ്പെട്ടു.

മൂന്നാം വർഷ സർവേയുടെ പ്രാരംഭ പ്രവർത്തനങ്ങൾ റിപ്പോർട്ടു വർഷത്തിൻെറ അവസാന പാദത്തിൽ ആരംഭിച്ചു.

## അദ്ധ്യായം 3

## പ്രൈസസ് വിഭാഗം

ഈ വിഭാഗത്തിൽ പ്രൈസ് യൂണിററ്, പ്രൈസ് (ജനറൽ) ഇൻഡക്സ് സീരീസ് എന്നിവ തുടർന്നു പ്രവർത്തിച്ചു വരുന്നു. കമ്പോളനിലവാരത്തെ സംബന്ധിച്ച ജോലികൾ തിരുവനന്തപുരത്തേയും, കോഴിക്കോട്ടേയും റീജിയണൽ ഓഫീസർമാരാണ് നിർവഹിച്ചു വരുന്നത്.

പ്രൈസ് ജനറൽ.—ഈ വിഭാഗം താഴെ പറയുന്ന ജോലികൾ തുടർന്ന് ഏറെറടുത്ത് നടത്തിവരുന്നു:

1. 50 അവശ്യസാധനങ്ങളുടെ ദൈനംദിന വില ജില്ലാ തലസ്ഥാനങ്ങളിൽനിന്ന് ടെലക്സ് മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്ത ദിവസം തന്നെ ഗവൺമെൻറിലേക്ക് അയച്ചുവന്നിരുന്നു.

2. വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേക്ക് അയച്ചു വന്നിരുന്നു.

3. 92 ഇനം ഉപഭോക്ത സാധനങ്ങളുടെ പ്രതിവാര ചില്ലറ വില ശേഖരിച്ച് സൂചിക തയ്യാറാക്കി വന്നിരുന്നു.

ഉപഭോക്തൃവില സൂചിക കണക്കാക്കുന്നതിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് നിയുക്തമായ കമ്മററിയുടെ ശുപാർശ അനുസരിച്ച് റേഷൻ സാധനങ്ങളുടെ ഓഫ്ടേക്ക് സർവേ നടത്തുന്നതിന് 12 പ്രൈസ് സൂപ്പർവൈസറി ഓഫീസർ തസ്തിക സൃഷ്ടിക്കപ്പെടുകയുണ്ടായി. ആദ്യത്തെ സർവേ 1980 ആഗസ്ററിൽ നടത്തുകയും 1980 ജൂലൈ മുതലുള്ള ഉപഭോക്തൃ വിലസൂചിക പ്രസ്തുത സർവേ റിസൾട്ട് ഉപയോഗിച്ച് കണക്കാക്കുകയും ചെയ്തു.

താഴെ പറയുന്ന 15 തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളുടെ ഉപഭോക്തൃ വിലസൂചിക തയ്യാറാക്കി പതിവുപോലെ ഗസററിൽ വിജ്ഞാപനം ചെയ്തുവന്നിരുന്നു:

1. തിരുവനന്തപുരം
2. കൊല്ലം
3. പുനലൂർ
4. ആലപ്പുഴ
5. കോട്ടയം
6. മുണ്ടക്കയം
7. മൂന്നാർ
8. എറണാകുളം
9. ചാലക്കുടി
10. തൃശ്ശൂർ
11. പാലക്കാട്
12. മലപ്പുറം
13. കോഴിക്കോട്
14. മേപ്പാടി
15. കണ്ണൂർ

ഉപഭോക്തൃവിലസൂചിക കാണിക്കുന്ന സ്റേററുമെൻറുകഠം അവ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട ഗവൺമെൻറ്-സ്വകാര്യ സ്ഥാപനങ്ങഠംക്കും, വ്യക്തികഠംക്കും നേരിട്ട് അയച്ചുകൊടുക്കുകയുണ്ടായി.

ഇതിനുപുറമേ 85 അവശ്യസാധനങ്ങളുടെ പ്രതിവാര ചില്ലറ വില്പന വില എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽനിന്നും ശേഖരിച്ചിരുന്നു.

ലേബർ ബ്യൂറോ സീരീസിൻെറ ഉപഭോക്തൃവിലസൂചിക (കേന്ദ്ര സീരീസ്) തയ്യാറാക്കുവാൻവേണ്ടി 5 സെൻററുകളിൽനിന്നും ചില്ലറ വില്പനവില ഡിസംബർ 1980 വരെ ശേഖരിച്ചുവന്നിരുന്നു. 1971 അടിസ്ഥാന വർഷമായി കൊല്ലം, ആലുവ, മുണ്ടക്കയം എന്നിവിടങ്ങളിൽ നിന്ന് വില ശേഖരിച്ചിരുന്നത് 1980 ഡിസംബറിൽ നിർത്തുകയും 1981 അടിസ്ഥാന വർഷമായി കുടുംബ ബഡ്ജററ് സർവേ (ലേബർ ബ്യൂറോ) തിരുവനന്തപുരം, കൊല്ലം, മുണ്ടക്കയം, ആലുവ എന്നീ സെൻററുകളിൽ നടത്തുന്നതിനുള്ള പ്രാരംഭ നടപടികഠം ആരംഭിക്കുകയും ചെയ്തു. ആലപ്പുഴ, ആലുവ, മുണ്ടക്കയം എന്നിവിടങ്ങളിൽനിന്ന് പഴയ സീരീസിലുള്ള വിലസൂചിക കണക്കാക്കുന്നതിനുള്ള വിലകഠം ശേഖരിക്കുകയുണ്ടായി.

1981 അടിസ്ഥാനവർഷമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ കുടുംബ ബഡ്ജററ് സർവേ നടത്തുന്നതിനുള്ള പദ്ധതിക്ക് ഗവൺമെൻറിൻെറ അംഗീകാരം ലഭിച്ചു. ആരോഗ്യവകുപ്പിൻെറയും, നാട്ടുചികിൽസാ വകുപ്പിൻെറയും ഉപയോഗത്തിനായി ആശുപത്രികഠംക്കാവശ്യമുള്ള ആഹാരസാധനങ്ങളുടെയും മററു പദാർത്ഥങ്ങളുടെയും കമ്പോളവില ഈ വർഷവും ശേഖരിച്ചു. സർക്കാരാശുപത്രികളിലും മററും സാധനങ്ങഠം എത്തിച്ചുകൊടുക്കുന്നതു സംബന്ധിച്ച് കരാറുകഠംക്ക് അന്തിമരൂപം കൊടുക്കാൻ ഇവ ആവശ്യമാണ്. ഈ വില ശേഖരം ത്രൈമാസികമായി ഓരോ ത്രൈമാസികത്തിൻെറയും ആദ്യത്തെ വെള്ളിയാഴ്ച നടത്തപ്പെടുന്നു. ഇപ്രകാരം ശേഖരിക്കപ്പെടുന്ന അടിസ്ഥാനവിലവിവരങ്ങഠം സൂക്ഷ്മ പരിശോധനയ്ക്കുശേഷം അംഗീകരിക്കപ്പെടുന്ന അടിസ്ഥാന വിലവിവരങ്ങഠം അംഗീകരിക്കപ്പെടുന്നു. അംഗീകരിക്കപ്പെട്ട വിലകഠം ജില്ലാ മെഡിക്കൽ ആഫീസർ, ജില്ലാ ഇൻഡിജീനസ് മെഡിക്കലാഫീസർ, ആരോഗ്യവകുപ്പ് ഡയറക്ടർ, നാട്ടുചികിൽസാ വകുപ്പ് ഡയറക്ടർ, മെഡിക്കൽ കോളേജുകഠം, ക്ഷയരോഗാശുപത്രികഠം, ഇ.എസ്.ഐ. ആശുപത്രികഠം, മൃഗസംരക്ഷണ വകുപ്പിൻെറ കീഴിലുള്ള കന്നുകാലി, കോഴി വളർത്തൽ കേന്ദ്രങ്ങഠം, കാഴ്ചബംഗ്ലാവ് ഡയറക്ടർ, ജയിൽ ഇൻസ്പെക്ടർ ജനറൽ, കേരളത്തിലെയും തമിഴ്നാട്ടിലെയും പട്ടാളമേധാവികഠം തുടങ്ങിയവർക്ക് അയച്ചുകൊടുത്തിരുന്നു. ഡയറക്ടറി സാധനങ്ങളുടെ വില ആവശ്യപ്പെടുന്ന എല്ലാ സ്ഥാപനങ്ങഠംക്കും, വകുപ്പുകഠംക്കും അവയുടെ ആവശ്യാനുസരണം വിവരങ്ങഠം നൽകുകയുണ്ടായി.

<u>മാർക്കററ് ഇൻറലിജൻസ് മെച്ചപ്പെടുത്താനുള്ള പദ്ധതി.</u>—കമ്പോള നിലവാരം, കമ്പോളത്തിൽ സാധനങ്ങഠം എത്തിച്ചേരൽ തുടങ്ങിയവയെപ്പററിയുള്ള വിവരങ്ങഠം പ്രാഥമികോൽപ്പാദകർക്ക് കൃത്യസമയത്ത് നൽകുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 37 വ്യാപാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നിലവിലുണ്ട്.

ഈ പദ്ധതി അനുസരിച്ച് വില റിപ്പോർട്ടു ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അതാതു ജില്ലാ സ്ററാററിസ്ററിക്കൽ ഓഫീസർമാരും, കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള രണ്ടു റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസർമാരും മേൽനോട്ടം വഹിക്കുകയുണ്ടായി.

തിരുവനന്തപുരം മേഖലയിൽ 27-ം കോഴിക്കോട് മേഖലയിൽ 10-ം കേന്ദ്രങ്ങളിലെ കമ്പോളവില ഉരാപ്പെടുന്ന വിലനിലവാര ബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം, കോഴിക്കോട് നിലയങ്ങളിൽ ഗ്രാമരംഗത്തിലൊ, കാർഷിക രംഗത്തിലൊ പ്രക്ഷേപണം ചെയ്യുകയുണ്ടായി.

പ്രതിവാര കമ്പോളനിലവാരാവലോകനം.—തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ കമ്പോളനിലവാരാവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയിൽക്കൂടി പ്രക്ഷേപണം ചെയ്യുകയുണ്ടായി.

അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട്.—എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ തുറന്ന കമ്പോളവിലയെ കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിനും സംസ്ഥാന റവന്യൂ ബോർഡിലെ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചുകൊടുത്തു. ഇതു കൂടാതെ പാലക്കാട് കേന്ദ്രത്തിലെ അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിവാര റിപ്പോർട്ട് തയ്യാറാക്കി റിസർവ് ബാങ്കിന് അയച്ചുകൊടുത്തു. ഇവയ്ക്കെല്ലാം ഉപരിയായി ഈ പദ്ധതി അനുസരിച്ച് മൊത്തവിലയെ സംബന്ധിക്കുന്ന പല വിവരങ്ങളും കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങരാക്ക് അവയുടെ ആവശ്യാനുസരണം ലഭ്യമാക്കുകയുണ്ടായി.

## ഇൻഡക്സ് സീരീസ് വിഭാഗം (കാർഷിക ധനസംബന്ധം)

ഈ വിഭാഗം താഴെ പറയുന്ന സൂചികകരാ തയ്യാറാക്കി:

1. കാർഷികോല്പന്നങ്ങളുടെ മൊത്തവിലസൂചിക.

2. കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കു വേണ്ടിവരുന്ന ചെലവും തമ്മിലുള്ള താരതമ്യപഠന സൂചിക.

3. കാർഷിക വേതന സൂചിക.

താഴെ പറയുന്ന ജോലികരാകൂടി ഈ വിഭാഗം നിർവഹിച്ചു.

1. തൊണ്ടോടുകൂടിയ നാളികേരത്തിൻെറ ദൈവാരിക വില ശേഖരിച്ച് എറണാകുളത്തുള്ള ഇൻഡ്യൻ സെൻട്രൽ കോക്കനട്ട് കമ്മററിയുടെ സെക്രട്ടറിക്കും, നീലേശ്വരത്തുള്ള ഡപ്യൂട്ടി ഡയറക്ടർക്കും (അഗ്രിക്കരാച്ചർ) അയച്ചുകൊടുത്തു.

2. 9 കാർഷിക വിഭവങ്ങളുടെ വാർഷിക ശരാശരി വില തിട്ടപ്പെടുത്തി ന്യൂഡൽഹിയിലുള്ള എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്കൽ അഡൈ്വസർക്ക് അയച്ചുകൊടുത്തു.

3. കയറിൻെറ പ്രതിവാരവില തയ്യാറാക്കി എറണാകുളത്തുള്ള കയർ ബോർഡ് സെക്രട്ടറിയെ അറിയിച്ചു.

4. കയറിൻെറതന്നെ പ്രതിമാസ വിലവിവരം കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെൻറ് പ്രസ്സിലേക്കും നൽകി.

കാർഷികവിഭവങ്ങളുടെ ചില്ലറ വില.—സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറവില ശേഖരിച്ച് ഏകീകരിച്ച് കേരളാ ഗസററിൽ 1975 നവംബർ മുതൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയത് ഈ വർഷവും തുടർന്ന് പ്രസിദ്ധപ്പെടുത്തി.

കയററുമതി ഇറക്കുമതി സ്ഥിതിവിവരക്കണക്ക് വിഭാഗം.—കൊച്ചി തുറമുഖംവഴി കയററുമതി ഇറക്കുമതി ദൈനംദിന റിപ്പോർട്ടുകൾ ശേഖരിക്കുകയും, ഒത്തു നോക്കൽ, കണക്കുകൂട്ടൽ മുതലായവ ഈ സെക്ഷനിൽ ചെയ്ത തുറമുഖങ്ങൾവഴി വിദേശ രാജ്യങ്ങളുമായി നടത്തുന്ന കയററുമതി ഇറക്കുമതിയെ സംബന്ധിക്കുന്ന വാർഷിക വിവരങ്ങൾ തയ്യാറാക്കിവരുന്ന പ്രസ്തുത വർഷം 1979–80-ലെ വാർഷികവിവരങ്ങൾ മൈനർ പോർട്ടുകളിൽനിന്നും ശേഖരിച്ച് കേരളത്തിലെ മൊത്തം കടൽമാർഗ്ഗ കയററുമതി, ഇറക്കുമതി വിവരങ്ങൾ തയ്യാറാക്കുകയും 1980–81-ലെ വാർഷിക വിവരങ്ങളുടെ ശേഖരണം ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു.

വ്യവസായ ഉൽപ്പന്ന സൂചിക.—1975 സെപ്റ്റംബർ മാസം 15-ാം തീയതി മുതലാണ് കേരളത്തിൽ വ്യാവസായിക ഉൽപ്പന്നസൂചിക (1970-ലെ ഉൽപ്പാദനം അടിസ്ഥാനമാക്കി) തയ്യാറാക്കൽ ആരംഭിച്ചത്. ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം ത്രൈമാസിക വാർഷിക ഉൽപ്പന്നസൂചിക റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുക എന്നതാണ്. സൂചനാ വർഷത്തിലെ 4 ത്രൈമാസിക ഉൽപ്പാദന വിവരങ്ങൾ ശേഖരിക്കുകയും 1980-ലെ ത്രൈമാസിക റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു. ഉൽപ്പന്നസൂചിക 1970 ഡിസംബറിൽ 164·21 ആയിരുന്നത് 1980 ഡിസംബറിൽ 191·60 ആയി ഉയർന്നു.

കുടുംബ ബഡ്ജറ്റ് സർവേ.—നിശ്ചിത വരുമാനക്കാരായ തൊഴിലാളികൾ ചെറുകിട കൃഷിക്കാർ തുടങ്ങിയ സാധാരണക്കാരുടെ ദൈനംദിന ജീവിതം ഒരളവുവരെ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരത്തിൽ വരുന്ന ഏറ്റക്കുറച്ചിലുകളെ ആശ്രയിച്ചാണിരിക്കുന്നത്. സാധനങ്ങളുടെ വിലനിലവാരം കൂട്ടുന്നതിനനുസരിച്ച് വരുമാന വർദ്ധനവിന് വേണ്ട മാർഗ്ഗങ്ങൾ പലപ്പോഴും സ്വീകരിക്കേണ്ടിവരുന്നു. വിലനിലവാരത്തിൽ വരുന്ന വ്യതിയാനങ്ങൾ ഒരു പരിധിവരെ ദുരീകരിക്കാനും വില വർദ്ധനവിനനുസരണമായി വേതന ബത്തനിരക്കുകൾ കൂട്ടുന്നതിനും സർക്കാരിൻെറ ഭാഗത്തുനിന്നും എടുത്തിട്ടുള്ള നടപടികളുടെ ഒരു ഭാഗമായി വിലനിലവാര സൂചികയെ കണക്കാക്കുന്നു. ഒരു സ്ഥിരബഡ്ജറ്റിൻെറ അടിസ്ഥാനത്തിൽ ഒരു കുടുംബത്തിന് ആവശ്യമായ സാധനങ്ങളുടെ വിലയിൽ കാലാകാലങ്ങളിൽ വന്നുചേരുന്ന മാറ്റങ്ങളുടെ ആകെത്തുക സൂചിപ്പിക്കുന്ന ഒരു അളവുകോലായി വിലനിലവാര സൂചിക കരുതപ്പെടുന്നു. കുടുംബത്തിൻെറ ജീവിത വരുമാന നിലവാരത്തിൽ കാലാകാലങ്ങളിൽ വരുന്ന വ്യതിയാനങ്ങൾക്കനുസരണമായി ഈ സൂചിക കണക്കാക്കുന്നതിൻെറ അടിസ്ഥാ

നങ്ങളിലൊന്നായി സ്ഥിരബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന സാധനങ്ങളുടെ അളവിലും ഏറ്റക്കുറച്ചിലുകൾ സംഭവിക്കാം. ഇങ്ങനെ വരുന്ന മാറ്റങ്ങൾ കൂടി കണക്കിലെടുക്കുന്നത് കുടുംബ ബഡ്ജറ്റ് സർവേകൾ നടത്തി ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.

1980–81 പരാമർശ വർഷമായി 1981 ജൂലൈ മുതൽ സർവേ ആരംഭിക്കുകയും 1981–82 വർഷത്തിൽ സർവേ പുരോഗമിക്കുകയും ചെയ്തു.

ഭവനനിർമ്മാണ കണക്കുകളും വേതനഘടനാ സർവേയും.—റിപ്പോർട്ട് വർഷത്തിൽ ഈ വിഭാഗം ഭവനനിർമ്മാണ രംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ചും കെട്ടിടനിർമ്മാണ ജോലിക്കാരുടേയും വ്യാപാര സ്ഥാപനങ്ങളിലെ ജോലിക്കാരുടേയും വേതന ഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും അവ വിശകലനം ചെയ്ത് ആവശ്യാനുസരണമുള്ള റിപ്പോർട്ടുകളും പട്ടികകളും തയ്യാറാക്കുകയും ചെയ്തു.

1. ഭവനനിർമ്മാണം.—മുനിസിപ്പൽ ഭരണവകുപ്പ് ഡയറക്ടർ ആഫീസിലെ ഭവനനിർമ്മാണ സ്ഥിതിവിവര കണക്ക് വിഭാഗം, കേരളത്തിലുള്ള മുനിസിപ്പാലിറ്റികൾ അനുവാദം നൽകിയ സ്വകാര്യമേഖലയിലുള്ള കെട്ടിട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ത്രൈമാസിക കണക്കുകൾ 30–6–1980 മുതൽ 30–6–1981 വരെയുള്ള കാലയളവിലേക്കുള്ളവ ശേഖരിച്ച് സഞ്ചിതപ്പെടുത്തിയ വിവരപ്പട്ടികകൾ സൂക്ഷ്മപരിശോധന നടത്താനായി ഈ വിഭാഗത്തിലേയ്ക്ക് അയച്ചുതന്നിട്ടുണ്ട്.

ഈ വിഭാഗം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനുകളിൽനിന്നും കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളെപ്പറ്റിയുള്ള സ്ഥിതിവിവര കണക്കുകളും ശേഖരിക്കുകയുണ്ടായി. തിരുവനന്തപുരം കോർപ്പറേഷനിൽനിന്നും 31–3–1981 മുതൽ 31–12–1981 കൊണ്ടവസാനിക്കുന്ന ത്രൈമാസങ്ങളിലേക്കുള്ള സ്ഥിതിവിവരങ്ങളും കൊച്ചി കോർപ്പറേഷനിൽനിന്നും 31–3–1980 മുതൽ ?0–9–1981 വരെയുള്ളതും കോഴിക്കോട് കോർപ്പറേഷനിൽനിന്നും 31–12–1980 മുതൽ 31–3–1981 കൊണ്ടവസാനിക്കുന്ന ത്രൈമാസികകളിലേക്കുള്ളതുമായ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. റിപ്പോർട്ട് വർഷത്തിൽ സംസ്ഥാനത്തെ മുനിസിപ്പൽ പ്രദേശങ്ങളിൽ നടത്തിയിട്ടുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് സ്ഥിതിവിവരക്കണക്കുകൾ 31–3–1979 മുതൽ 31–3–1980 കൊണ്ടവസാനിക്കുന്ന ത്രൈമാസികകളിലേക്കുള്ള സഞ്ചിതപ്പെടുത്തിയപട്ടികകൾ ഡൽഹിയിലുള്ള ദേശീയ കെട്ടിടനിർമ്മാണ സമിതിയിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്. മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ചിടത്തോളം തിരുവനന്തപുരം കോർപ്പറേഷനിലെ 31–3–1979 മുതൽ 31–12–1980 വരെയും കൊച്ചി കോർപ്പറേഷനിലെ 31–3–1978 മുതൽ 31–12–1979 വരെയും കോഴിക്കോട് കോർപ്പറേഷനിലെ 31–12–1978 മുതൽ 31–12–1980 വരെയുമുള്ള ത്രൈമാസികകളിലേക്കുമുള്ള സഞ്ചിതപ്പെടുത്തിയ പട്ടികകൾ ദേശീയ കെട്ടിട നിർമ്മാണ സമിതിയിലേക്ക് അയച്ചുകൊടുക്കുകയുണ്ടായി.

പൊതുമരാമത്തു വകുപ്പിലെ കെട്ടിടനിർമ്മാണ സ്ഥിതിവിവരക്കണക്ക് വിഭാഗം പൊതുമരാമത്തു വകുപ്പിൽനിന്നും ഇരുപതിനായിരം രൂപയ്ക്കുമേൽ ചിലവുചെയ്തു നിർമ്മിക്കുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ സ്ഥിതിവിവര കണക്കുകൾ അർദ്ധവാർഷിക ക്രമത്തിന് ശേഖരിക്കുകയും 30–3–1980, 30–9–1980 എന്നീ അർദ്ധവാർഷിക

ങ്ങളിലേക്കുള്ള സഞ്ചിതപ്പെടുത്തിയ പട്ടികകൾ സൂക്ഷ്മപരിശോധനക്കായി ഈ ആഫീസിലേക്ക് അയച്ചുതരികയും ചെയ്തിട്ടുണ്ട്. ഈ ആഫീസിൽ നിന്നും 30–9–1978 മുതൽ 30–9–1980 വരെയുള്ള അർദ്ധവാർഷികങ്ങളിലേക്കുള്ള സഞ്ചിതപ്പെടുത്തിയ പട്ടികകൾ ദേശീയ കെട്ടിടനിർമ്മാണ സമിതിയിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

കെട്ടിടനിർമ്മാണ സാധനങ്ങളുടെ വിലനിലവാരവും കെട്ടിടനിർമ്മാണ ജോലിക്കാരുടെ വേതന നിരക്കും സംബന്ധിച്ച വിവരങ്ങളും എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽനിന്നും ശേഖരിച്ച് സഞ്ചിതപ്പെടുത്തി ഓരോ ത്രൈമാസികങ്ങളിലേക്കുമുള്ള സ്ഥിതിവിവര പട്ടികകൾ തയ്യാറാക്കി റിപ്പോർട്ടു വർഷത്തിൽ ദേശീയ കെട്ടിടനിർമ്മാണ സമിതിയിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കൂടാതെ കേരളത്തിലെ കെട്ടിടനിർമ്മാണ ചിലവിൻെറ 1971-ലേത് അടിസ്ഥാനപ്പെടുത്തി തിരുവനന്തപുരം കേന്ദ്രത്തിൻെറ സൂചിക 1980–ലേത് തയ്യാറാക്കുകയും ദേശീയ കെട്ടിട നിർമ്മാണസമിതിയിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

2. <u>വേതന ഘടനാ സർവേ.</u>—വേതന ഘടനാ സർവേ മുൻ രീതിയനുസരിച്ച് 1981–82–ലും നാല് ത്രൈമാസിക ഘട്ടങ്ങളിലായി നടത്തപ്പെട്ടു. റിപ്പോർട്ട് വർഷത്തിലെ ആദ്യത്തെ മൂന്ന് ത്രൈമാസികങ്ങളിലേയും വിവരങ്ങളുടെ സൂക്ഷ്മപരിശോധന പൂർത്തിയാക്കി. ഈ സർവേയിൽ നഗരങ്ങളിലേയും, ഗ്രാമപ്രദേശങ്ങളിലേയും മൊത്തവ്യാപാര സ്ഥാപനങ്ങളിലും നിലവിലുള്ള വേതന നിരക്കുകളും നിർമ്മാണ മേഖലയിലെ വിവിധ വിഭാഗം തൊഴിലാളികളുടെ വേതന നിരക്കും ശേഖരിച്ചിട്ടുണ്ട്. 1980–81-ലെ സ്ഥിതിവിവരങ്ങൾ സഞ്ചിതപ്പെടുത്തി പട്ടികകൾ തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് വർഷത്തിൽ വേതന ഘടനാ സർവേയുടെ 5 വർഷം കൊണ്ടവസാനിക്കുന്ന സർവേ 1981–82 മാർച്ച് മാസംകൊണ്ട് പൂർത്തിയായി.

1982–83 വർഷംതൊട്ട് പുതിയതായി ആരംഭിക്കുന്ന അടുത്ത അഞ്ചു വർഷത്തേക്കുള്ള വേതന ഘടനാ സർവേയുടെ ആസൂത്രണവും പ്രാരംഭ പ്രവർത്തനങ്ങളും റിപ്പോർട്ട് വർഷത്തിൽ നടത്തുകയുണ്ടായി.

<u>ചരക്കുഗതാഗത സർവേ (ഗുഡ്സ് ട്രാഫിക് സർവേ).</u>—നിത്യോപയോഗസാധനങ്ങളുൾപ്പെടെ എല്ലാ പ്രധാനപ്പെട്ട ഉൽപ്പന്നങ്ങളുടേയും കേരളത്തിലേക്കുള്ള വരവും കേരളത്തിൽനിന്ന് പുറത്തേക്കുള്ള പോക്കും കണക്കാക്കുന്നതിന് ഒരു സർവേ നടത്തണമെന്ന് 1975-ൽ ഗുലാത്തി കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ കേരളത്തിലെ പ്രധാനപ്പെട്ട വലുതും ചെറുതുമായ 12 ചെക്ക് പോസ്റ്റുകളിൽ ഈ വകുപ്പിൻെറ ആഭിമുഖ്യത്തിൽ 1975–76-ൽ ഒരു വർഷം നീണ്ടുനിന്ന ഒരു സർവേ നടത്തി. അതിൽനിന്നും ഏറെക്കുറെ കേരളത്തിലേക്ക് വരുന്നതും, പോകുന്നതുമായ എല്ലാ സാധനങ്ങളുടെയും തരംതിരിച്ചുള്ള സ്ഥിതിവിവരക്കണക്ക് 1977-ൽ ഡിപ്പാർട്ടുമെൻറ് പ്രസിദ്ധീകരിച്ചു.

1980–81-ൽ വീണ്ടും ഈ സർവേയുടെ രണ്ടാമത് റൗണ്ട് നടത്തുന്നതിലേക്ക് ഗവൺമെൻറിൻെറ അനുമതി കിട്ടുകയുണ്ടായി. 1975–76 കാലഘട്ടത്തിൽ നടത്തിയതുപോലെ കേരളത്തിലെ ആറ് ഡിസ്ട്രിക്റ്റുകളിലായി (തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) അമരവിള, ആര്യങ്കാവ്, ഗോപാലപുരം, ബങ്കര, മഞ്ചേശ്വർ എന്നീ അഞ്ച്

മേജർ ചെക്ക് പോസ്റ്റുകളും കുമിളി, ഗോവിന്ദപുരം, വേലൻതാവളം, മുത്തംഗ, കൂട്ടുപുഴ, അരൂർ, പെരള മുതലായ ഏഴ് ചെറിയ ചെക്ക് പോസ്റ്റുകളും സർവേ നടത്തുന്നതിനുള്ള സെൻററുകളായി തെരഞ്ഞെടുത്തു.

ഒരു മാസത്തെ പ്രാരംഭപ്രവർത്തനങ്ങൾക്കുശേഷം 24 മണിക്കൂറും തുടർച്ചയായി നടത്തുന്നതും 12 മാസം നീണ്ടുനിൽക്കുന്നതുമായ വിവരശേഖരണ സർവേ 17–11–1980-ൽ ആരംഭിച്ചു. ടി സർവേയുടെ സുഗമമായ നടത്തിപ്പിന് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറുകാരുടെ സഹായസഹകരണങ്ങൾക്കുപുറമേ ആറ് ഡിസ്ട്രിക്ട് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാരും, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരും സ്റ്റേറ്റ് ലവൽ ഓഫീസറായ അസിസ്റ്റൻറ് ഡയറക്ടറും എല്ലാ സെൻററുകളിലും ഇൻസ്പെക്ഷൻ നടത്തുകയും ശേഖരിക്കുന്ന വിവരങ്ങളിൽ വരുന്ന പാകപ്പിഴകൾ അപ്പപ്പോൾ തിരുത്തി സർവേ ഒരു കൊല്ലക്കാലം നടത്തി 16–11–1981-ൽ അവസാനിപ്പിക്കുകയും ചെയ്തു. പൂരിപ്പിച്ച ഷെഡ്യൂളുകൾ ശേഖരിച്ചു കഴിഞ്ഞു. ക്രോഡീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

## അദ്ധ്യായം 4

## ഔദ്യോഗിക സ്ഥിതി വിവരം

1. തൊഴിൽ സ്ഥിതിവിവരക്കണക്ക് വിഭാഗം.—തൊഴിൽ നിയമങ്ങളുടെ പരിധിയിൽപ്പെടുന്ന തൊഴിൽ ശാലകളിലെ സ്ഥിതിവിവരകണക്കുകൾ ഭാരതസർക്കാരിൻെറ നിയന്ത്രണത്തിലുള്ള ലേബർ ബ്യൂറോ, സിംലയുടെ നിർദ്ദേശപ്രകാരം ശേഖരിച്ച് സർക്കാരിന് സമർപ്പിക്കുകയെന്ന ചുമതലയാണ് ഈ വിഭാഗം ചെയ്യുന്നത്. റിപ്പോർട്ട് വർഷത്തിൽ താഴെ പറയുന്ന റിപ്പോർട്ടുകളും, സ്റ്റേറ്റുമെൻറുകളും തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തു.

1948-ലെ ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഫാക്ടറികളുടെ 1980-ലേക്കുള്ള സ്ഥിതിവിവരക്കണക്ക് റിപ്പോർട്ടുകൾ ഫാക്ടറീസ് ഡയറക്ടറേറ്റിൽ നിന്നും വരുത്തി സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും പ്രസക്ത വിവരങ്ങൾ സമാഹരിച്ച് വാർഷിക റിപ്പോർട്ടും, സ്റ്റേററുമെൻറുകളും തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

1936–ലെ വേതനവിതരണ നിയമം (പേമെൻറ് ഓഫ് വേജസ് ആക്ട്) അനുസരിച്ച് കേന്ദ്രഗവൺമെൻറിന് അയയ്ക്കേണ്ടതായ വാർഷിക റിപ്പോർട്ട് തയ്യാറാക്കി അയച്ചു. ഫാക്ടറീസ് ഡയറക്ടർ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്ന് ശേഖരിച്ച് അയച്ചുതരുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 1980–ലേക്ക് തയ്യാറാക്കിയ വാർഷിക റിപ്പോർട്ടും സ്റ്റേററുമെൻറുമാണ് റിപ്പോർട്ട് വർഷത്തിൽ അയച്ചത്.

റിപ്പോർട്ടു വർഷത്തിൽ കേരളത്തിലെ ഫാക്ടറികളിലും, തോട്ടങ്ങളിലും മററു സ്ഥാപനങ്ങളിലും ഉണ്ടായിട്ടുള്ള പണിമുടക്ക്, അടച്ചുപൂട്ടൽ എന്നിവ മൂലം ഉണ്ടായ തൊഴിൽ സ്തംഭനത്തിൻെറ വിശദവിവരങ്ങൾ അട

ങ്ങിയ പ്രതിമാസ റിപ്പോർട്ടുകൾ തയ്യാറാക്കി ലേബർ ബ്യൂറോക്ക് അയച്ചു കൊടുത്തു. ജില്ലാ ലേബർ ഓഫീസർമാർ ശേഖരിച്ച് അയച്ചുവരുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പ്രതിമാസ റിപ്പോർട്ടുകൾ തയ്യാറാക്കുന്നത്. ക്ലോസർ, ലേ ഓഫ്, റിട്രഞ്ച്മെൻറ്, ഘെരാവോ എന്നിവ സംബന്ധിച്ചും ഇതുപോലെതന്നെ പ്രതിമാസ റിപ്പോർട്ടുകൾ തയ്യാറാക്കി അയച്ചുകൊടുത്തു.

1961-ലെ പ്രസവാനുകൂല്യ നിയമം (മെററർനിററി ബെനിഫിററ് ആക്ട്) പ്രകാരം ഫാക്ടറികളിലേയും തോട്ടങ്ങളിലേയും സ്ത്രീതൊഴിലാളികൾക്ക് കൊടുത്തിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള 1980-ലെ വാർഷിക റിപ്പോർട്ട് ബന്ധപ്പെട്ട ആഫീസുകളിൽ നിന്ന് വരുത്തുകയും സംയോജിത വാർഷിക റിപ്പോർട്ടും സ്റേററുമെൻറും തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

1948-ലെ ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്ററർ ചെയ്ത ഫാക്ടറികളിൽ 1981 ആദ്യഅർദ്ധവർഷത്തെ തൊഴിൽ നിലവാരത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ പരിശോധിച്ച് അർദ്ധവാർഷിക റിപ്പോർട്ടും സ്റേററുമെൻറുകളും തയ്യാറാക്കുന്ന ജോലി റിപ്പോർട്ട് വർഷത്തിൽ സമാരംഭിക്കുകയും തൃപ്തികരമായ പുരോഗതി കൈവരിക്കുകയും ചെയ്തു. 9000-ൽ പരം ഫാക്ടറികളുടെ അടിസ്ഥാന രജിസ്ററർ തയ്യാറാക്കുന്ന ജോലി സമാരംഭിച്ചു.

2. <u>വ്യാവസായിക ഗണിതവിഭാഗം.</u>—കേരളത്തിലെ ഫാക്ടറി മേഖലയിൽപ്പെട്ട വ്യാവസായിക സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ശേഖരിച്ച് അവയുടെ സവിശേഷതകൾ അനുക്ഷമം പഠിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുകയാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി.

റിപ്പോർട്ടു വർഷത്തിൽ ഈ വിഭാഗത്തിൽനിന്നും താഴെ പറയുന്ന ജോലികൾ പൂർത്തിയാക്കി:—

1. 1976–77-ലെ സർവേ റിപ്പോർട്ട് പുറത്തിറക്കി
2. 1977–78 വാർഷിക സർവേ റിപ്പോർട്ട് തയ്യാറാക്കി.

കൂടാതെ 1978–79-ലെ വാർഷിക സർവേ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി.

3. <u>മാനവശക്തി ആസൂത്രണ വിഭാഗം.</u>—സമ്പദ്‌വ്യവസ്ഥയുടെ വിവിധ തുറകളിൽ ജോലി എടുക്കുന്നവരെ സംബന്ധിക്കുന്ന സാമാന്യ പഠനവും, മാനവശക്തിയെ ഏതെല്ലാം തുറകളിൽ എങ്ങിനെയെല്ലാം ഉപയോഗിക്കാൻ കഴിയും എന്നതിനെക്കുറിച്ചുള്ള അപഗ്രഥനവുമാണ് ഈ വിഭാഗം ചെയ്യുന്നത്. റിപ്പോർട്ട് വർഷത്തിൽ താഴെ പറയുന്ന പഠനങ്ങൾ നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(1) അപ്രൻറീസുകളുടെ വിനിയോഗരീതിയെക്കുറിച്ചൊരു പഠനം

(2) കൃഷിയിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ വിനിയോഗം കേരളത്തിൽ

(3) കേരളത്തിലെ വ്യവസായങ്ങൾക്കുവേണ്ട ഇടത്തരം മാനവശക്തി ഒരുക്കുന്നതിനെക്കുറിച്ചൊരു പഠനം

(4) എഞ്ചിനീയർമാരുടെ ആവശ്യകതയും, ലഭ്യതയും 1978–83 കാലഘട്ടത്തിൽ

(5) കൂടാതെ റിപ്പോർട്ട് വർഷത്തിൽ താഴെ പറയുന്ന പഠനങ്ങൾ നടന്നുവരുന്നു:

(1) പരിശീലനം സിദ്ധിച്ചവരുടെ വിനിയോഗം കൃഷിവകുപ്പിൽ ഒരു പഠനം

(2) കേരളത്തിലെ തേയിലത്തോട്ടങ്ങളിലെ തോട്ടം തൊഴിലാളികളെ കുറിച്ചൊരു പഠനം

(3) വിഴിഞ്ഞം തുറമുഖനിർമ്മാണ പ്രവർത്തനത്തിലുൾക്കൊള്ളുന്ന മാനവശക്തി

(4) ഡിഗ്രി, ഡിപ്ലോമ തലത്തിലുള്ള സ്ററുഡണ്ട് വെയ്സ്റേറജിനെപ്പററിയുള്ള ഗഹനമായ പഠനം

(5) സാങ്കേതിക വിദഗ്ദ്ധന്മാരുടെ ലഭ്യതയും ആവശ്യകതയും ഒരു ദശകത്തിൽ

(6) എഞ്ചിനീയറിംഗ് ബിരുദധാരികളുടെ വിനിയോഗരീതി

(7) പരിശീലനം സിദ്ധിച്ച എഞ്ചിനീയർമാരുടെ വിനിയോഗം പൊതുമരാമത്തു വകുപ്പിൽ

(8) വൻകിട, ഇടത്തര, ചെറുകിട എൻഞ്ചിനീയറിംഗ് വ്യവസായങ്ങളെക്കുറിച്ച് ഒരു സാമ്പിൾ പഠനം

(9) കേരളത്തിലെ വനിതാ വ്യവസായ സംരംഭങ്ങളെക്കുറിച്ചൊരു പഠനം

(10) ആധുനിക വൈദ്യശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദധാരികളുടെ വിനിയോഗത്തെപ്പററി ഒരു പഠനം

(11) ആരോഗ്യവകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ (മെഡിക്കലും പാരാമെഡിക്കലും) മൈഗ്രേഷനെ സംബന്ധിച്ചുള്ള പഠനം

(12) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സെൻസസ്.

ഇതിനു പുറമെ താഴെ പറയുന്ന വിവരങ്ങൾ കൂടി മാനവശക്തി വിഭാഗം ശേഖരിക്കുകയുണ്ടായി:

(1) സാങ്കേതികവും, തൊഴിലധിഷ്ഠിതവുമായ മാനവശക്തിയുടെ തൻനില

(2) ഡിഗ്രിക്കാരല്ലാത്ത സാങ്കേതിക വിഭാഗം ജീവനക്കാരുടെ തൻനില, ആവശ്യകത, അവരുടെ പരിശീലന സൗകര്യങ്ങൾ മുതലായവ കേരളത്തിൽ

(3) പ്ലാൻ സ്കീമുകളിലെ തൊഴിൽ ഉൽപ്പാദനവും സാദ്ധ്യതയും

(4) ചില പ്രത്യേക വിഭാഗത്തിലെ മാനവശക്തിയെക്കുറിച്ചുള്ള വിശദവിവരങ്ങൾ.

4. മെക്കാനിക്കൽ ടാബുലേഷൻ വിഭാഗം.—ഈ ഡിപ്പാർട്ടുമെൻറിൻെറ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ നടത്തുന്ന വിവിധ സർവേകളുടെ പട്ടികകൾ തയ്യാറാക്കുന്നതിനുള്ള കാർഡുകൾ പഞ്ച് ചെയ്യുകയും, തരംതിരിക്കുകയും പട്ടികകൾ തയ്യാറാക്കുകയും ആണ് ഈ വിഭാഗം ചെയ്യുന്നത്. കൂടാതെ മററു വകുപ്പുകളിലെ സമാനജോലികളും ഈ വിഭാഗം ഏറെറടുത്ത് നടത്താറുണ്ട്. രണ്ട് ആൽഫാപഞ്ചും മൂന്ന് ന്യൂമറിക്കൽ പഞ്ചും രണ്ട് ആൽഫാ വെരിഫയറും രണ്ട് ന്യൂമറിക്കൽ വെരിഫയറും ഒരു കാർഡ് സോർട്ടറും ഒരു റീപ്രൊഡ്യൂസറും റിപ്പോർട്ട് വർഷത്തിൽ പ്രവർത്തനക്ഷമമായിരുന്നു. റിപ്പോർട്ട് വർഷത്തിൽ ഹൗസ്ഹോൾഡ് കൺസംപ്ഷൻ സർവേ 1979-ലെ വൈററൽ സ്ററാററിസ്ററിക്സ് സെൻസസ് ഓഫ് ഗവൺമെൻറ് എംപ്ലോയീസ് ധനകാര്യവകുപ്പിലെ ട്രഷറി സ്ലിപ്പുകൾ എന്നിവ പഞ്ച് ചെയ്ത് തരംതിരിച്ച് വിശകലനത്തിനും ടാബുലേഷനുമായി തുമ്പയിലേയും യൂണിവേഴ്സിററിയിലേയും കമ്പ്യൂട്ടർ സെൻററുകളിലേക്കയച്ചു.

## അദ്ധ്യായം 5

## ജനസംഖ്യാ പഠനം

ജനസംഖ്യാ ഗവേഷണ കേന്ദ്രം.—ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ ഒരു ഭാഗമായി ജനസംഖ്യാ ഗവേഷണകേന്ദ്രം 1958 ആഗസ്റ്റിൽ പ്രവർത്തനമാരംഭിച്ചു, ജനനമരണ കുടിയേറ്റ നിരക്കുകൾ, ജനസംഖ്യാ വർദ്ധനവ്, കുടുംബക്ഷേമം തുടങ്ങിയവയിൽ പഠനങ്ങൾ നടത്തുന്നതിനായിട്ടാണ് ഈ കേന്ദ്രം സ്ഥാപിച്ചിട്ടുള്ളത്.

റിപ്പോർട്ട് വർഷത്തിൽ താഴെ പറയുന്ന പഠനങ്ങൾ ഈ കേന്ദ്രം നടത്തുകയുണ്ടായി.

പൂർത്തിയാക്കിയ പഠനങ്ങൾ.—

1. കുടുംബക്ഷേമ പരിപാടികൾ സംബന്ധിച്ച് ആളുകൾക്കുള്ള അറിവ്, മനോഭാവം, പരിപാടി നിർവഹണം എന്നിവയെക്കുറിച്ചുള്ള ഒരു പുനർപഠനം.—കുടുംബക്ഷേമ പരിപാടികളെക്കുറിച്ച് ജനങ്ങൾക്കുള്ള അറിവ്, മനോഭാവം അവയുടെ ഉപയോഗനിലവാരം എന്നിവയെക്കുറിച്ച് ജില്ലാ തലസ്ഥാനങ്ങളിൽ 1958-ൽ നടത്തിയ ഒരു പഠനത്തെ അടിസ്ഥാനമാക്കി അതേ കേന്ദ്രങ്ങളിൽ നടത്തിയ ഒരു പുനർപഠനമാണിത്. നഗരവാസികളിൽ പ്രസ്തുത വിഷയത്തിൽ വിജ്ഞാന സമ്പാദനത്തിലും പ്രായോഗികരംഗത്തും വന്നുചേരുന്ന പുരോഗതി മനസിലാക്കുക തുടങ്ങിയ

ലക്ഷ്യങ്ങളാണ് ഈ പഠനത്തിൽ പ്രധാനമായിട്ടുള്ളത്. വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. നിയമാനുസൃത ഗർഭഛിദ്രം നടത്തിയവരെക്കുറിച്ചുള്ള പഠനം.— 1972-ൽ ചില ഉപാധികൾക്ക് വിധേയമായി ഗർഭം അലസിപ്പിക്കുവാനുള്ള നിയമം നിലവിൽ വന്നു. തിരുവനന്തപുരത്ത് അവിട്ടം തിരുനാൾ ആശുപത്രിയിൽ 1974 മുതൽ 1979 വരെയുള്ള കാലയളവിൽ ഗർഭം അലസിപ്പിച്ചവരെപ്പററി കൂടുതൽ വിവരങ്ങൾ ശേഖരിച്ച് അവരുടെ ജനസംഖ്യാ സവിശേഷതകൾ മനസിലാക്കുകയും ഗർഭഛിദ്രം സ്വീകരിച്ചിട്ടുള്ളവരുടെ വയസ്, വിദ്യാഭ്യാസയോഗ്യത, കുട്ടികളുടെ എണ്ണം ഗർഭകാലദൈർഘ്യം എന്നിവ പഠനത്തിൽ ഉൾപ്പെടുത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പുരോഗതിയിലുള്ള പഠനങ്ങൾ.—

1. കേരളത്തിലെ കുടുംബക്ഷേമ പരിപാടികൊണ്ട് ജനന നിരക്ക് എത്രമാത്രം കുറഞ്ഞിട്ടുണ്ടെന്നുള്ള പഠനം.—കേരളത്തിലെ കുടുംബക്ഷേമ പരിപാടികൾ എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്നും അത് ജനന നിരക്ക് കുറയ്ക്കുന്നതിന് എത്രമാത്രം സഹായകരമായിട്ടുണ്ടെന്നുമുള്ള വസ്തുതകളെപ്പറ്റി പഠിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

2. തിരുവനന്തപുരം ജില്ലയിലെ സാമ്പിൾ രജിസ്ട്രേഷൻ വില്ലേജുകളിൽ നടത്തുന്ന സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം മനസിലാക്കുന്നതിനുള്ള പഠനമാണിത്. പ്രസ്തുത പ്രദേശങ്ങളിലെ മരണനിരക്കുകൾ രജിസ്ട്രേഷൻ മുഖേന ലഭ്യമായതുകൊണ്ട് അവയും സാമ്പത്തിക നിലവാരവും തമ്മിലുള്ള ബന്ധങ്ങൾ മനസിലാക്കാൻ ഈ പഠനം സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. പഠനമേഖലയിൽനിന്നും വിവരങ്ങൾ ശേഖരിച്ച് കഴിഞ്ഞിട്ടുണ്ട്. കിട്ടിയ വിവരങ്ങൾ വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്

3. പെരുങ്കടവിള പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ വരുന്ന ഭൂപ്രദേശത്തെ ജനനമരണ നിരക്കുകൾ കണ്ടുപിടിക്കുന്നതിനുള്ള പഠനം.—പെരുങ്കടവിള പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തന പരിധിയിൽ നിശ്ചിത പ്രായത്തിലുള്ള ദമ്പതികളിൽ ഭൂരിപക്ഷവും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് കരുതപ്പെടുന്നത്. കുടുംബക്ഷേമരംഗത്ത് ഉണ്ടായിട്ടുള്ള ഈ നേട്ടത്തിന്റെ ഫലമായി ജനന നിരക്കിൽ എത്രമാത്രം കുറവ് വന്നിട്ടുണ്ട് എന്നീ കാര്യങ്ങൾ മനസിലാക്കുക എന്നതാണ് പ്രധാനമായും ഈ പഠനത്തിൽ ഉദ്ദേശിക്കുന്നത്. റിപ്പോർട്ടിന്റെ പ്രാരംഭനടപടികൾ നടത്തികൊണ്ടിരിക്കുകയാണ്.

4. കുടുംബ സംവിധാന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, മലപ്പുറം ജില്ല.—കുടുംബസംവിധാന പ്രവർത്തനങ്ങളുടെ വിലയിരുത്തലിന് രണ്ടാമതായി തിരഞ്ഞെടുത്ത ജില്ലയാണ് മലപ്പുറം. കുടുംബക്ഷേമ പ്രവർത്തന രംഗത്തുള്ള പ്രഖ്യാപിത നേട്ടങ്ങളുടെ യാഥാർത്ഥ്യവും, സ്വഭാവവും കുടുംബക്ഷേമമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ളവരുടെ എണ്ണം, വയസ്, ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണം, വയസ്, വിദ്യാഭ്യാസം.

വരുമാനം, താഴിൽ, വിവാഹപ്രായം എന്നിവയാണ് പ്രധാനമായി പഠന വിഷയമാക്കിയിട്ടുള്ളത്. ജില്ലയിലുള്ള ഏതാനും വാർഡുകളാണ് ഈ പഠനത്തിന് തിരഞ്ഞെടുത്തിട്ടുള്ളത്. അതിൻപ്രകാരം തിരഞ്ഞെടുത്തിട്ടുള്ള വാർഡുകളിലെ വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞിട്ടുണ്ട്. ശേഖരിച്ച വിവരങ്ങൾ ഇപ്പോൾ വിശകലനം ചെയ്തുകൊണ്ടിരിക്കുകയാണ്.

5. ജില്ലാടിസ്ഥാനത്തിലുള്ള ജനനമരണ നിരക്കുകൾ കണ്ടുപിടിക്കുന്നതിനുള്ള പഠനം.—സംസ്ഥാനാടിസ്ഥാനത്തിലുള്ള ജനനമരണ നിരക്കുകളിൽനിന്നും ജില്ലാതലത്തിലുള്ള ജനനമരണ നിരക്കുകൾ കണ്ടുപിടിക്കുന്നതിനു വേണ്ടിയാണീ പഠനം. റിപ്പോർട്ടിന്റെ പ്രാരംഭനടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

6. സാമ്പിൾ റജിസ്ട്രേഷൻ പദ്ധതി—ഗ്രാമപ്രദേശങ്ങളിൽ.—സിവിൽ റജിസ്ട്രേഷനിൽ, തുടർച്ചയായി വന്നിട്ടുള്ള അപാകതകൾ നിമിത്തം കൃത്യവും വിശ്വസനീയവും ആയ ജനനമരണ നിരക്കുകൾ ലഭ്യമല്ലാതെ വന്ന സാഹചര്യത്തിൽ, ഭാരതരജിസ്ട്രാർ ജനറലിന്റെ പൊതു നിർദ്ദേശ മാനുവൽ അടിസ്ഥാനമാക്കി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണ് സാമ്പിൾ റജിസ്ട്രേഷൻ പദ്ധതി. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പും, പട്ടണപ്രദേശങ്ങളിൽ സെൻസസ് വകുപ്പും ആണ് ഇത് നടപ്പാക്കി വരുന്നത്. 1964-65-ൽ ഒരു പൈലറ്റ് പദ്ധതിയായിട്ടാവിഷ്കരിച്ച ഈ പദ്ധതി 1965 ജൂലൈ മുതൽ പൂർണ്ണരൂപത്തിൽ നടപ്പാക്കാൻ തുടങ്ങുകയാണുണ്ടായത്.

1965 ജൂലൈയിൽ പൂർണ്ണപദ്ധതി നടപ്പാക്കിയപ്പോൾ, 1961–ലെ സെൻസസ് പ്രകാരമുള്ള ഗ്രാമങ്ങളുടെ പട്ടികയും ജനസംഖ്യയും ആധാരമായി ഗ്രാമപ്രദേശങ്ങളിൽ ഒട്ടാകെ 150 സാമ്പിൾ ഗ്രാമങ്ങൾ തെരഞ്ഞെടുത്താണ് പ്രവർത്തനം ആരംഭിച്ചത്. തീരപ്രദേശം, ഇടനാട്, മലനാട് എന്നീ പ്രകൃതി വിഭാഗങ്ങളിൽ ജനസംഖ്യ അനുസരിച്ച്, 500-ന് താഴെ, 500 നും 1000 ത്തിനും ഇടയ്ക്ക്, 1000 ത്തിനും 2000 ത്തിനും ഇടയ്ക്ക്, 2000 ത്തിന് മുകളിൽ എന്ന വിധത്തിൽ നാല് ഗ്രൂപ്പുകളായി ഗ്രാമങ്ങളെ തരംതിരിച്ചാണ് സാമ്പിൾ ഗ്രാമങ്ങൾ തെരഞ്ഞെടുത്തിരുന്നത്. ഈ 150 സാമ്പിൾ ഗ്രാമങ്ങളിൽ 75 എണ്ണം ഭാരതരജിസ്ട്രാർ ജനറലിന്റെ നിർദ്ദേശ പ്രകാരം 1981 അവസാനത്തോടുകൂടി മാറ്റി എടുത്തു. പഴയ ലിസ്റ്റിലെ വേണ്ടെന്ന് വച്ച 75 ഗ്രാമങ്ങളിൽ 1981 ഡിസംബർ അവസാനത്തിൽ ജോലി നിറുത്തി വയ്ക്കുകയും പകരം പുതുതായി തെരഞ്ഞെടുക്കപ്പെട്ട 75 ഗ്രാമങ്ങളിൽ സർവേ 1982 ജനുവരി 17–ാം തീയതി തുടങ്ങേണ്ടിയിരുന്നുവെങ്കിലും ചില സാങ്കേതിക തടസങ്ങളാൽ 1982 മെയ് മാസത്തിൽ മാത്രമേ സർവേ തുടങ്ങാൻ സാധിച്ചുള്ളു. വിവിധ ജില്ലകളിലായി പുതിയ 75 സാമ്പിളിൽ എന്യൂമറേറ്റർമാരെ നിയമിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ നടത്തികൊണ്ടിരിക്കുകയാണ്. പുതിയ നിർദ്ദേശം അനുസരിച്ച് മലനാട്, ഇടനാട്, തീരപ്രദേശം എന്നീ വിഭജനരീതി ഒഴിവാക്കിക്കൊണ്ട് ഉത്തര–ദക്ഷിണ പ്രവിശ്യകൾ എന്ന് രണ്ട് വിഭാഗങ്ങളായി തിരിക്കുന്നതാണ്. അതനുസരിച്ച് ഇപ്പോൾ കേരളത്തിൽ ഉള്ള 150 സാമ്പിളുകൾ താഴെ വിവരിക്കുന്ന വിധമാണ്.

| ഭൂവിഭാഗം | ജില്ല | മുൻപുണ്ടായിരുന്ന സാമ്പിളുകൾ (എണ്ണം) | നിറുത്തിവച്ച സാമ്പിളുകൾ (എണ്ണം) | നിലനിറുത്തിയ സാമ്പിളുകൾ (എണ്ണം) | പുതിയതായി തെരഞ്ഞെടുത്ത സാമ്പിളുകൾ (എണ്ണം) | ആകെ ഇപ്പോഴുള്ള സാമ്പിളുകൾ (എണ്ണം) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. ഉത്തരപ്രവിശ്യ | കണ്ണൂർ | 18 | 9 | 9 | 9 | 18 |
| ,, | വയനാട് | 4 | 3 | 1 | 4 | 5 |
| ,, | കോഴിക്കോട് | 17 | 6 | 11 | 3 | 14 |
| ,, | മലപ്പുറം | 17 | 10 | 7 | 7 | 14 |
| ,, | പാലക്കാട് | 16 | 7 | 9 | 7 | 16 |
| 2. ദക്ഷിണ പ്രവിശ്യ | തൃശ്ശൂർ | 16 | 8 | 8 | 9 | 17 |
| ,, | എറണാകുളം | 13 | 8 | 5 | 5 | 10 |
| ,, | ഇടുക്കി | 6 | 4 | 2 | 5 | 7 |
| ,, | കോട്ടയം | 6 | 4 | 2 | 5 | 7 |
| ,, | ആലപ്പുഴ | 12 | 6 | 6 | 7 | 13 |
| ,, | കൊല്ലം | 16 | 7 | 9 | 5 | 14 |
| ,, | തിരുവനന്തപുരം | 9 | 3 | 6 | 9 | 15 |
| | ആകെ | 150 | 75 | 75 | 75 | 150 |

7. ബന്ധപ്പെട്ട ജീവനക്കാർ.—തെരഞ്ഞെടുത്ത ഓരോ ഗ്രാമത്തിലും ആ സാമ്പിളിൽത്തന്നെ സ്ഥിരതാമസവും ഏതെങ്കിലും ജോലിയും ഈ സർവെയിൽ താൽപ്പര്യവും ഉള്ള ഒരാളെ എന്യൂമറേറ്റർ ആയി നിയമിക്കുന്നു. ജനസംഖ്യാനുപാതികമായി ഇപ്പോൾ എന്യൂമറേറ്റർമാർക്ക് 45 രൂപ മുതൽ 60 രൂപാ വരെ പ്രതിമാസം ഓണറേറിയം ലഭിക്കുന്നുണ്ട്. 12 അഡീഷണൽ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർമാരും സെൻസസ് വകുപ്പിൽ നിന്നും നിയമിച്ചിട്ടുള്ള 13 കമ്പ്യൂട്ടർമാരും ഈ പദ്ധതിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

8. ജോലിയുടെ സ്വഭാവം.—തുടർച്ചയായ ഗൃഹസന്ദർശനം വഴിയും വാർത്താദായകർ മുഖേനയും എന്യൂമറേറ്റർമാർ ജനനമരണങ്ങൾ അതതു മാസങ്ങളിൽ രേഖപ്പെടുത്തുന്നു. അവയുടെ റിപ്പോർട്ടുകൾ എല്ലാമാസവും ജില്ലാ ആഫീസിലും വകുപ്പദ്ധ്യക്ഷന് അയച്ചുകൊടുക്കുന്നുണ്ട്, ആറ്

മാസം കൂടുമ്പോഠം എന്യൂമറേറ്റർമാരിൽനിന്നും ജനനമരണ റജിസ്റ്ററുകഠം പിൻവലിച്ചിട്ട് കമ്പ്യൂട്ടർമാർ തികച്ചും സ്വതന്ത്രമായ അർദ്ധവാർഷിക സർവേ നടത്തുകയും ജനനമരണങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു. എന്യൂമറേറ്ററുടേയും കമ്പ്യൂട്ടർമാരുടേയും (സൂപ്പർവൈസർ) റിപ്പോർട്ടുകഠം അഡീഷണൽ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ താരതമ്യ പഠനം നടത്തുകയും, ഏതെങ്കിലും വ്യതിയാനം റിപ്പോർട്ടുകളിൽ കണ്ടാൽ ബന്ധപ്പെട്ട വീടുകഠം സന്ദർശിച്ച് യഥാർത്ഥ സ്ഥിതിവിവരങ്ങഠം ശേഖരിച്ച് റിപ്പോർട്ടുകഠം പൂർണ്ണമായി വകുപ്പദ്ധ്യക്ഷന് അയച്ചുകൊടുക്കുകയും ചെയ്യുന്നു. വകുപ്പദ്ധ്യക്ഷൻെറ ഓഫീസിൽ കൂടുതൽ പരിശോധനകഠം നടത്തി, ആബ്സ്ട്രാക്റ്റുകഠം തയ്യാറാക്കി ഭാരത രജിസ്റ്റാർ ജനറലിന് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. ഈ രീതിയിൽ തെരഞ്ഞെടുത്ത ഗ്രാമങ്ങളിൽ ഉണ്ടാകുന്ന ജനനമരണങ്ങളുടെ ഒന്നൊഴിയാതെയുള്ള വിവരങ്ങഠം ശേഖരിക്കുന്നതിനും അതുമൂലം ശരിയായ ജനനമരണ നിരക്കുകഠം കണക്കാക്കുന്നതിനും സാധിക്കുന്നു. ഓരോ അർദ്ധവാർഷിത സർവേ നടത്തുമ്പോഴും അതിനു മുൻപുള്ള കാലയളവിൽ ഏതെങ്കിലും ജനനമരണങ്ങഠം വിട്ടുപോയിട്ടുണ്ടെങ്കിൽ അതുകൂടി ശേഖരിച്ച് കൂട്ടിച്ചേർക്കാറുണ്ട്. മാത്രമല്ല, എല്ലാ വർഷവും 10 ശതമാനം സാമ്പിളുകളിൽ ഈ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥൻമാർ ഊർജിതാന്വേഷണം പരിപാടിയും നടത്തിവരുന്നുണ്ട്.

9. 1981–82-ലെ ജോലിയുടെ വിവരണം.—30-ാമതും 31-ാമതും അർദ്ധവാർഷിക സർവേകളുടെ ഫലങ്ങഠം തയ്യാറാക്കി ഭാരത സർക്കാരിൻെറ രജിസ്ട്രാർ ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്. 32–ാമത്തെയും അർദ്ധവാർഷിക സർവേ നടത്തി. 32–ാമതു അർദ്ധവാർഷിക സർവേയുടെ റിപ്പോർട്ടുകഠം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ, പുതിയ സാമ്പിളുകഠം തെരഞ്ഞെടുക്കുന്നതിനുവേണ്ടി സെൻസസ് വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് 1981 സെൻസസ് അനുസരിച്ചുള്ള ഭൂപടങ്ങളുടെ അടിസ്ഥാനത്തിൽ നോഷണൽ മാപ്പുകഠം ഉണ്ടാക്കുകയും അതനുസരിച്ച് പുതിയ 75 സാമ്പിളുകഠം തെരഞ്ഞെടുക്കുകയും ആയത് എല്ലാ ജില്ലാ ആഫീസുകളിലും അറിയിച്ച് നടപടികഠം നീക്കുകയും ഉണ്ടായി. എന്യൂമറേറ്റർ നിയമനത്തിനുള്ള നടപടികളും ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

മുപ്പത്തിമൂന്നാമത് അർദ്ധവാർഷിക സർവേ എല്ലാ ഗ്രാമ സാമ്പിളുകളിലും പുരോഗതിയിൽ ആണ്.

1978–ലെ വാർഷിക റിപ്പോർട്ട് അച്ചടിച്ച് കിട്ടിയിട്ടില്ല. അത് ഉടൻ തന്നെ പ്രസിദ്ധീകരിക്കാൻ കഴിയുമെന്നാണ് പ്രത്യാശ.

1979–ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചുകഴിഞ്ഞു. 1980–ലെ റിപ്പോർട്ടും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

1979-ൽ ജനന നിരക്ക് 1978–നെ അപേക്ഷിച്ച് ഒരു ശതമാനം വർദ്ധിച്ചപ്പോഠം മരണനിരക്കിൽ യാതൊരു മാറ്റവും ദൃശ്യമായില്ല. എന്നാൽ ശിശുമരണ നിരക്ക് 3½ ശതമാനം കണ്ട് വർദ്ധിച്ചു. മലനാട്, ഇടനാട് എന്നീ ഭൂവിഭാഗങ്ങളിൽ ശിശുമരണ നിരക്ക് വർദ്ധിച്ചുവെങ്കിലും തീരപ്രദേശത്ത് ഇത് കുറയുകയാണുണ്ടായത്. എന്നാൽ നിർജ്ജീവ ജനന നിരക്ക് നേരേ മറിച്ചും ആയിരുന്നു. ഏതാണ്ട് 9 ശതമാനത്തോളം വർദ്ധനവ് തീരപ്രദേശത്ത് നിർജ്ജീവ ജനനനിരക്കിൽ ഉണ്ടായി.

ജനനമരണ നിരക്കുകൾ (കേരളം—ഗ്രാമപ്രദേശം)

| ഭൂവിഭാഗം | ജനനനിരക്ക് | | മരണനിരക്ക് | | നിർജ്ജീവ ജനനനിരക്ക് | | ശിശുമരണ നിരക്ക് | |
|---|---|---|---|---|---|---|---|---|
| | 1978 | 1979 | 1978 | 1979 | 1978 | 1979 | 1978 | 1979 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 10 |
| മലനാട് | 26·4 | 27·4 | 8·18 | 8·9 | 22·16 | 19·65 | 79·32 | 84·4 |
| ഇടനാട് | 26·1 | 27·8 | 7·03 | 7·2 | 23·95 | 18·92 | 41·07 | 46·1 |
| തീരപ്രദേശം | 24·6 | 23·6 | 7·18 | 6·0 | 17·87 | 26·43 | 32·16 | 29·8 |
| സംസ്ഥാനം | 25·8 | 26·8 | 7·23 | 7·2 | 23·68 | 20·50 | 44·80 | 48·5 |

കേരളത്തിലെ (ഗ്രാമ പ്രദേശം)

1980–ലെ ജനനമരണ നിരക്കുകൾ (പ്രൊവിഷണൽ)

| | |
|---|---|
| (എ) ജനന നിരക്ക് | 27·00 |
| (ബി) മരണ നിരക്ക് | 6·94 |
| (സി) ശിശുമരണ നിരക്ക് | 43.67 |

10. ഫെർട്ടിലിറ്റി സർവേ.—കേരളത്തിലെ സന്താനോല്പാദന ശേഷിയിൽ ഉണ്ടായിട്ടുള്ള കുറവിന്റെ കാരണങ്ങളെ സംബന്ധിച്ച ഒരു പഠനമാണ് ഫെർട്ടിലിറ്റി സർവേയിലൂടെ നടത്തുന്നത്. ലോകബാങ്കും സംസ്ഥാന സ്ഥിതി വിവര ബ്യൂറോയും കൂടി സഹകരിച്ച് നടത്തുന്ന ഈ സർവേയ്ക്കുവേണ്ടി പാലക്കാട്, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകൾ തിരഞ്ഞെടുത്തിരുന്നു. ഓരോ ജില്ലയിൽനിന്നു തിരഞ്ഞെടുത്ത 1000 കുടുംബങ്ങളിൽനിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ കുടുംബത്തിലേയും ഗൃഹസൗകര്യങ്ങൾ, ആസ്തി ബാധ്യതകൾ, കുടുംബാംഗങ്ങളുടെ വയസ്, വൈവാഹികാവസ്ഥ തുടങ്ങിയ വിവരങ്ങൾ കൂടാതെ വിവാഹിതരായ സ്ത്രീകളിൽനിന്ന് അവരുടെ വിവാഹം, സന്താനോൽപ്പാദനം, കുടുംബാസൂത്രണമാർഗ്ഗങ്ങളെ സംബന്ധിച്ച അറിവും പ്രയോഗവും തുടങ്ങിയ വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്.

പദ്ധതിക്കാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്ന ജോലി 1980 ജൂൺ അവസാനത്തോടെ പൂർത്തിയായി. ശേഖരിച്ച വിവരങ്ങൾ പാകപ്പെടുത്തുന്ന ജോലി കംപ്യൂട്ടർ സെൻററിൽ നടന്നുവരുന്നു. ശേഖരിച്ച വിവരങ്ങൾ പട്ടികകളാക്കത്തക്ക വിധത്തിൽ പാകപ്പെടുത്തുന്ന ജോലി 1981–82 സാമ്പത്തിക വർഷാവസാനത്തോടെ പൂർത്തിയായി. വിവരങ്ങൾ പട്ടികകളിലായി ലഭിച്ചു കഴിഞ്ഞാൽ മാത്രമേ അവ അപഗ്രഥിച്ച് വിശകലനം ചെയ്യുന്ന ജോലി തുടങ്ങാൻ സാധിക്കുകയുള്ളു. എന്നാൽ പ്രസ്തുത വർഷത്തിൽത്തന്നെ പഠന റിപ്പോർട്ടിന്റെ പ്രാഥമിക അദ്ധ്യായങ്ങൾ പൂർത്തിയാക്കുകയുണ്ടായി. 1982 സെപ്റ്റംബർ അവസാനത്തോടെ പരിപൂർണ്ണ റിപ്പോർട്ട് തയ്യാറാകുമെന്നാണ് പ്രതീക്ഷ.

അദ്ധ്യായം 6

## വിലയിരുത്തൽ പഠന വിഭാഗം

കാലാകാലങ്ങളിൽ നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികളെപ്പറ്റി സാമാന്യമായി വിലയിരുത്തുക എന്ന ജോലിയാണ് പ്രധാനമായും ഈ വിഭാഗം ചെയ്തുവരുന്നത്.

റിപ്പോർട്ടു വർഷത്തിൽ കല്ലട ഇറിഗേഷൻ പ്രോജക്ടിൻെറ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേക്ക് അയച്ചുകൊടുത്തു.

പുനലൂർ, ഇടുക്കി, നിലമ്പൂർ, മാനന്തവാടി, അട്ടപ്പാടി എന്നീ താലൂക്കുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ആരംഭിച്ച സംയോജിത ഗിരിവർഗ്ഗ വികസന പ്രോജക്റ്റുകളുടെ ബഞ്ച്മാർക്ക് സർവേ നടത്തി റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേക്ക് അയക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു.

അദ്ധ്യായം 7

## 1. സാമ്പത്തിക സെൻസസ് വിഭാഗം

കാർഷികവും കാർഷികേതര മേഖലകളിലേയും ഉൽപാദന സംരംഭങ്ങളെ സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുക എന്ന മുഖ്യലക്ഷ്യത്തോടുകൂടി 1980 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ഭാരതമൊട്ടാകെ വ്യാപകമായി കേന്ദ്ര ഗവൺമെൻറ് ഒരു സാമ്പത്തിക സെൻസസ് നടത്തുകയുണ്ടായി. ഈ സെൻസസിൻെറ എന്യൂമറേഷൻ ജോലികൾ 1981-ലെ കനേഷുമാരിയ്ക്കുവേണ്ടി വീടുകളുടെ പട്ടിക തയ്യാറാക്കുന്ന ജോലിയോട് അനുബന്ധിച്ചാണ് നിർവഹിച്ചത്. എന്യൂമറേറ്റർമാരെ പരിശീലിപ്പിച്ചതും ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാരായിരുന്നു.

ഈ സാമ്പത്തിക സെൻസസ് അനുസരിച്ച് കേരളത്തിലെ കാർഷിക മേഖലയിൽ 54205 സംരംഭങ്ങളും (8.5 ശതമാനം) കാർഷികേതര മേഖലയിൽ 872979 സംരംഭങ്ങളും (94.2 ശതമാനം) നിലവിലുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളിൽ 89473 ആളുകളും (3.5 ശതമാനം) കാർഷികേതരമേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളിൽ 2445764 (94.5 ശതമാനം) ആളുകളും ജോലി ചെയ്യുന്നുണ്ട്. (കാർഷികേതരം, കച്ചവടം, ഗതാഗതം, ഖനനം, വ്യവസായം, ധനകാര്യം, ആഫീസ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ) സെൻസസിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരോ ജില്ലയിലേയും കാർഷികവും കാർഷികേതരവുമായ സംരംഭങ്ങളുടെ അടിസ്ഥാന വിവരങ്ങൾ അടങ്ങിയ റപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

1977-ൽ നടത്തിയ സാമ്പത്തിക സെൻസസിൻെറ തുടർന്നുള്ള വിശദമായ പഠനങ്ങൾക്കുവേണ്ടി 1978–79, 1979–80 എന്നീ വർഷങ്ങളിൽ രണ്ടു സാമ്പിൾ സർവേകൾ നടത്തുകയുണ്ടായി. ഈ പഠനം രണ്ടു ഭാഗമായിട്ടാണ് നടത്തിയത്, ഒന്ന് സാമ്പത്തിക സെൻസസിൻെറ ഭാഗമായും മറ്റൊന്ന് നാഷണൽ സാമ്പിൾ സർവേയുടെ ഭാഗമായും നടന്നു.

ആറോ അതിലധികമോ ജോലിക്കാരുള്ളതും ഒരു ലക്ഷത്തിൽ കൂടുതൽ ഉൽപ്പാദനം നടക്കുന്നതുമായ വ്യവസായ സ്ഥാപനങ്ങളേയും മറ്റുൽപാദന സംരംഭങ്ങളേയും സംബന്ധിച്ചുള്ള വിശദമായ പഠനമാണ് സാമ്പത്തിക സെൻസസ് വിഭാഗം ഈ വർഷങ്ങളിൽ നടത്തിയത്. ഇപ്രകാരം 1978–79 കാലയളവിൽ ശേഖരിച്ച വിവരങ്ങൾ പരിശോധനയും പഞ്ചിംഗും കഴിഞ്ഞ് യന്ത്രവൽകൃതാപഗ്രഥനം നടത്തി തരുന്നതിന് കേന്ദ്ര സ്ഥിതി വിവര സംഘടനയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 1979–80-ൽ ശേഖരിച്ച വിവരങ്ങൾ പരിശോധന നടത്തി.

1980 സാമ്പത്തിക സർവേയിൽ ശേഖരിച്ച വിവരങ്ങളുടെ 'ടാബുലേഷൻ' ജോലികൾ ഓരോ ജില്ലാ കേന്ദ്രങ്ങളിലും ഡപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിൽ നടന്നുകൊണ്ടിരിക്കുയാണ്.

കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ ചെലവുകൾ കേന്ദ്ര ഗവൺമെൻറ് തന്നെയാണ് വഹിക്കുന്നത്.

## 2. വിമുക്തഭടൻമാരേ സംബന്ധിച്ചുള്ള സ്ഥിതി വിവരക്കണക്കു ശേഖരിക്കൽ

1981 ജൂലൈ മാസം മുതൽ ഡിസംബർ മാസം കൊണ്ടവസാനിക്കുന്ന ആറുമാസം കൊണ്ട് വിമുക്ത ഭടൻമാരെ സംബന്ധിച്ചുള്ള ഒരു സ്ഥിതി വിവരക്കണക്ക് ശേഖരിക്കുകയുണ്ടായി. ഇത് നാഷണൽ സാമ്പിൾ സർവേയുടെ 36-ാമത് റൗണ്ടിനോട് അനുബന്ധിച്ചാണ് നടത്തിയത്.

കേരളത്തിൽ വിമുക്തഭടൻമാരെ സംബന്ധിച്ചുള്ള ശരിയായ ഒരു സ്ഥിതിവിവരക്കണക്ക് ഇതിനു മുൻപ് ശേഖരിച്ചിട്ടുണ്ടായിരുന്നില്ല. അതിനാൽ ഈ വിവരം ശേഖരിച്ചതുകൊണ്ട് വളരെ അധികം പ്രയോജനമുണ്ട്. താഴെ പറയുന്ന വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്.

(1) വിമുക്തഭടൻമാരുടെ കുടുംബ ജനസംഖ്യാ ശാസ്ത്രവിവരണം (2) ഓരോ കുടുംബത്തിലേയും വിമുക്തഭടൻമാരെക്കുറിച്ചുള്ള വിവരങ്ങൾ സൈന്യത്തിൽ ഏതു വിഭാഗത്തിലാണ് ജോലി ചെയ്തത്, ഉദ്യോഗത്തിൽ ഉണ്ടായിരുന്നപ്പോഴുള്ള റാങ്ക്, ഏറ്റവും ഒടുവിൽ കിട്ടിയ ശമ്പളം, വിരമിച്ച തീയതി, വിരമിക്കാനുള്ള കാരണം, സേവനദൈർഘ്യം, വിരമിച്ചപ്പോൾ കിട്ടിയ മൊത്തം വരുമാനം, വാർഷിക പെൻഷൻ, ഇപ്പോഴത്തെ തൊഴിൽ, ഏതു രീതിയിലുള്ള തൊഴിൽ, ഇപ്പോഴത്തെ വരുമാനം തുടങ്ങിയവയും ഇപ്പോൾ തൊഴിൽ രഹിതരാണെങ്കിൽ അതു സംബന്ധിച്ചുള്ള വിവരവും സ്വന്തമായി കൈവശമുള്ള ഭൂമി, ആരോഗ്യസ്ഥിതി, തുടങ്ങിയവയും വിമുക്തഭടൻ ജീവിച്ചിരിപ്പില്ലെങ്കിൽ അതിനെക്കുറിച്ചുള്ള സ്ഥിതി വിവരങ്ങളുമാണ് ശേഖരിച്ചിട്ടുള്ളത്.

അദ്ധ്യായം 8

## അഡ്മിനിസ്ട്രേറ്റീവ് ഇൻറലിജൻസ് വിഭാഗം

സാമൂഹ്യവികസന ബ്ളോക്കുകളിലെ പ്രവർത്തന പുരോഗതിയെക്കുറിച്ച് പഠനം നടത്തി വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിക്കുക എന്ന ചുമതലയാണ് ഈ വിഭാഗം കൈകാര്യം ചെയ്യുന്നത്. ത്രൈമാസികമായി തയ്യാറാക്കുന്ന സാമൂഹ്യവികസനം, പ്രാദേശിക വികസനം, ഗ്രാമീണ പ്രവർത്തന പരിപാടിയുടെ പുരോഗതി പ്രയുക്ത പോഷകാഹാര പുരോഗതി എന്നിവയെ കുറിച്ചുള്ള റിപ്പോർട്ടുകൾ ആണ് ഇവയിൽ പ്രധാനപ്പെട്ടവ. കൂടാതെ സാമൂഹ്യവികസനപരിപാടി ഗോത്ര വർഗ്ഗവികസനം, പ്രയുക്തപോഷകാഹാര പരിപാടി എന്നിവയെ സംബന്ധിച്ചുള്ള വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം, ചെറുകിട ജലസേചനം, ആരോഗ്യവും, ശുചിത്വവും, ഗ്രാമീണ ചെറുകിട വ്യവസായം, സാമൂഹ്യവിദ്യാഭ്യാസം വാർത്താവിനിമയം, സർക്കാർ ചിലവുകൾ, പ്രദേശിക സംഭാവന തുടങ്ങി ബ്ളോക്കുകളിലെ സർവതോന്മുഖമായ വികസന പരിപാടികളുടെ ഒരു സംക്ഷിപ്ത വിവരണം ഈ റിപ്പോർട്ടുകളിൽനിന്നും ലഭിക്കാം.

ഇവയ്ക്കുപുറമെ ശുദ്ധജല വിതരണത്തിനുള്ള കിണറുകൾ, പമ്പു സെറ്റുകൾ, പോഷകാഹാര പരിപാടിയിൻകീഴിൽ സംരക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങളുടെയും ഗർഭിണികളും പാലൂട്ടുന്നവരുമായ അമ്മമാരുടെയും അവർക്ക് കൊടുത്ത പോഷകാഹാരങ്ങളുടെയും വിവരങ്ങൾ എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ടുകളും തയ്യാറാക്കുന്നുണ്ട്.

റിപ്പോട്ടുവർഷത്തിൽ 1981–82–ലെ എല്ലാ വികസന പരിപാടികളുടെ ത്രൈമാസിക റിപ്പോർട്ടുകളും 1981–ലെ സാമൂഹ്യവികസന വാർഷിക റിപ്പോർട്ടും തയ്യാറാക്കി സർക്കാരിന് അയച്ചിട്ടുണ്ട്.

അദ്ധ്യായം 9

## ആസൂത്രണ (പ്ലാനിംഗ്) വിഭാഗം

സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണവും വിലയിരുത്തലും ആസൂത്രണം സംബന്ധിച്ച മറ്റു കാര്യങ്ങൾ വാർഷിക പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും അതു സംബന്ധമായ ഡിപ്പാർട്ടുമെൻറിൻെറ പുനരേകീകരണം എന്നിവയുമാണ് ഈ വിഭാഗത്തിൻെറ ചുമതല. റിപ്പോർട്ടു വർഷത്തിൽ ചെയ്ത ജോലികളുടെ ഒരു സംക്ഷിപ്ത രൂപം താഴെ ചേർക്കുന്നു.

1. 1982–83–ലേക്കുള്ള വാർഷിക പദ്ധതികളും അവക്കുവേണ്ട അടങ്കൽ തുകകളും തയ്യാറാക്കി സംസ്ഥാന ഗവൺമെൻറിന് സമർപ്പിച്ചു. നടപ്പുവർഷത്തെ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള പ്ലാൻ പരിപാടികളുടെ സാങ്കേതിക വിവരങ്ങൾ തയ്യാറാക്കി കേന്ദ്ര സ്ഥിതിവിവര സംഘടനയ്ക്ക് അയച്ചുകൊടുത്തു.

2. 1981–82–ലെ പ്ലാൻ പദ്ധതികൾ നടപ്പാക്കുന്നതിൽ സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര ഡയറക്ടറേറ്റ് കൈവരിച്ചിട്ടുള്ള നേട്ടങ്ങളും

കോട്ടങ്ങളും കാണിക്കുന്ന ഏകീകൃത കുറിപ്പ് തയ്യാറാക്കി സംസ്ഥാന ഗവൺമെൻറിന് സമർപ്പിച്ചു.

3. തനതു വർഷത്തിലുൾപ്പെട്ടതായ ഓരോ പ്ലാൻ പരിപാടികളുടേയും പ്രതിമാസ ചിലവ്, ഭൗതിക പുരോഗതി തുടങ്ങിയ വിശദ കുറിപ്പുകൾ തയ്യാറാക്കി അതതു മാസങ്ങളിൽ സംസ്ഥാന പ്ലാനിംഗ് സെക്രട്ടറിക്കും സമർപ്പിച്ചു.

4. പ്ലാൻ പദ്ധതിയിലുള്ള പരിപാടികളുടെ പുരോഗതിയെ കുറിക്കുന്ന അർദ്ധവാർഷിക, ത്രൈമാസിക കുറിപ്പുകൾ സംസ്ഥാന ഗവൺമെൻറിനും കേന്ദ്ര സ്ഥിതിവിവര സംഘടനക്കും അയച്ചു കൊടുത്തു.

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര ഡയറക്ടറേറ്റിൻെറ കീഴിൽ 1981-82-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്ലാൻ പരിപാടികൾ താഴെ കൊടുക്കുന്നു.

1. കേരള സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പരിപാടി

2. നിർമ്മാണം, കച്ചവടം എന്നീ മേഖലകളിൽ സംസ്ഥാന വേതന നിരക്കു കണക്കാക്കുന്നതിനുള്ള സർവേ

3. യാന്ത്രിക കണക്കു കൂട്ടലിനുള്ള പദ്ധതി

4. സംസ്ഥാന വ്യാവസായികോൽപാദന സൂചിക നിർമ്മാണ പദ്ധതി

5. സംസ്ഥാന സാമ്പത്തിക സെൻസസും സർവേയും (കേന്ദ്രാവിഷ്കൃതം)

6. സംസ്ഥാനത്തിലെ കാർഷിക സ്ഥിതിവിവരം വർഷംതോറും റിപ്പോർട്ടു ചെയ്യുന്നതിനുള്ള (കേന്ദ്രാവിഷ്കൃതം) പദ്ധതി

7. കാർഷിക സെൻസസ് (കേന്ദ്രാവിഷ്കൃത പദ്ധതി)

8. പ്രധാനപ്പെട്ട സംസ്ഥാന കാർഷിക വിളകളുടെ വിളവെടുപ്പും കൃഷിച്ചെലവ് കണക്കുകൂട്ടലിനുള്ള പദ്ധതി

9. ഭവനോപഭോഗ വസ്തുക്കളുടെ സംസ്ഥാന പഠന പദ്ധതി

10. സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര ഡയറക്ടറേറ്റിൻെറ മേഖലയാഫീസുകൾ യാത്രാസൗകര്യാർത്ഥം വാഹനങ്ങൾ വാങ്ങാനുള്ള പദ്ധതി

11. സംസ്ഥാനത്തെ അതിർത്തി ചെക്ക് പോസ്റ്റുകൾ വഴിയുള്ള ചരക്കുഗതാഗത സർവേ.

12. സംസ്ഥാനത്തെ നിർമ്മാണ പ്രക്രിയകളുടെ സർവേ

13. സംസ്ഥാന ജനസംഖ്യാ ശാസ്ത്ര ഗവേഷണ കേന്ദ്രം

14. സംസ്ഥാന വരുമാന കണക്കുകൂട്ടൽ വിഭാഗത്തിൻെറ ശക്തിപ്പെടുത്തൽ

15. സംസ്ഥാന വിലനിലവാര സൂചിക കണക്കുകൂട്ടൽ വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി

16. സംസ്ഥാന മൈനർ ഇറിഗേഷൻ പ്രോജക്ടുകളുടെ പ്രവർത്തനങ്ങളിൻമേൽ സ്ഥിതിവിവരക്കണക്കു ശേഖരണ പദ്ധതി (കേന്ദ്രാവിഷ്കൃത പദ്ധതി)

അദ്ധ്യായം 10

## കോ ഓർഡിനേഷൻ

മറ്റു ഡിപ്പാർട്ടുമെൻറുകളിലുള്ള താൽക്കാലിക സ്ഥിതി വിവരക്കണക്കു ഘടകങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും അവിടങ്ങളിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ സാങ്കേതികോപദേശം നൽകുകയുമാണ് കോ ഓർഡിനേഷൻ വിഭാഗത്തിൻെറ പ്രധാന ചുമതല. ഈ ഘടകങ്ങളിലെ ഉദ്യോഗസ്ഥൻമാർ എല്ലാംതന്നെ സ്ഥിതി വിവരക്കണക്കു വകുപ്പിലെ വിവിധ തലത്തിലുള്ള സാങ്കേതിക ഉദ്യോഗസ്ഥൻമാരിൽനിന്ന് അയച്ചിട്ടുള്ളവരാണ്. അതതു ഡിപ്പാർട്ടുമെൻറുകളുടെ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായിവരുന്ന വിവിധ സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച് വിശകലനം ചെയ്ത് കൊടുക്കേണ്ടത് ഈ ഘടകങ്ങളുടെ പ്രധാന ചുമതലയാണ്. സമാഹരിക്കപ്പെട്ട കണക്കുകളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടുകളും തയ്യാറാക്കേണ്ടതുണ്ട്. ചില ഡിപ്പാർട്ടുമെൻറുകളിൽ പ്രത്യേക സർവേകൾ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നുണ്ട്.

റിപ്പോർട്ടു വർഷം മറ്റു ഡിപ്പാർട്ടുമെൻറുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻമാരെ വിളിച്ചുകൂട്ടി ചർച്ചകൾ നടത്തുകയും അവരുടെ ജോലി അവലോകനം ചെയ്ത് വേണ്ട സാങ്കേതികോപദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കോ ഓർഡിനേഷൻ വിഭാഗം ഡിപ്പാർട്ടുമെൻറിൻെറ പദ്ധതി രൂപീകരണത്തിനുള്ള ചുമതലയും വഹിച്ചിട്ടുണ്ട്.

അദ്ധ്യായം 11

## പ്രസിദ്ധീകരണവും സംയോജനവും

ഈ സ്റ്റേറ്റിൻെറ ആസൂത്രണത്തിന് ആവശ്യമായി വരുന്ന സ്ഥിതി വിവരക്കണക്കുകൾ സംസ്ഥാന, ജില്ലാ, താലൂക്ക്, ബ്ലോക്ക്, തലങ്ങളിൽ വിവിധ മേഖലകളിൽനിന്നും ശേഖരിക്കുക, അപഗ്രഥിക്കുക, പ്രസിദ്ധീകരിക്കുക എന്ന ചുമതലയാണ് മുഖ്യമായും ഈ വിഭാഗം ചെയ്യുന്നത്. കൂടാതെ ഈ ഡിപ്പാർട്ടുമെൻറിലെ മറ്റു വിഭാഗങ്ങൾ തയ്യാറാക്കുന്ന വിവിധ റിപ്പോർട്ടുകൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുക, ത്രൈമാസിക സ്ഥിതി വിവര വാർത്താവലോകനം തയ്യാറാക്കി കേന്ദ്ര സ്ഥിതിവിവര സംഘടനയ്ക്ക് അയയ്ക്കുക, സൗജന്യ മെയിലിംഗ് ലിസ്റ്റ് അനുസരിച്ച് വിവിധ സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും ഡിപ്പാർട്ടുമെൻറിൻെറ പ്രസിദ്ധീകരണങ്ങൾ അയച്ചുകൊടുക്കുക, കേരളത്തിൻെറ സ്ഥിതി വിവരക്കണക്കുകൾ അവ ആവശ്യപ്പെടുന്ന കേന്ദ്ര-സംസ്ഥാന സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും നൽകുക എന്നീ ജോലികളും ചെയ്തുവരുന്നു.

റിപ്പോർട്ടു വർഷത്തിൽ ഈ ഡിപ്പാർട്ടുമെൻറിലെ വിവിധ ഭാഗങ്ങരം തയ്യാറാക്കിയ താഴെ പറയുന്ന റിപ്പോർട്ടുകരം ഈ വർഷം പ്രസിദ്ധീകരിക്കുകയുണ്ടായി.

1. ആലപ്പുഴ തുറമുഖത്തിൻെറ കയററുമതി, ഇറക്കുമതി സാദ്ധ്യതകളെപ്പററിയുള്ള പഠന റിപ്പോർട്ട്

2. നാഷണൽ സാമ്പിരം സർവേ റിപ്പോർട്ട് നമ്പർ 20

3. കൊക്കൊ സർവേ റിപ്പോർട്ട് 1980

4, ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് 1976–77

5. ഫാക്ട്സ് ബുക്ക് ഓൺ പോപ്പുലേഷൻ ആൻറ് ഫാമിലി വെൽഫേർ പ്രോഗ്രാം 1978

6. റിപ്പോർട്ട് ഓൺ നോളജിബിരം ആററിറ്റ്യൂഡ് ആൻറ് പ്രാക്ടീസ് ഓഫ് ഫാമിലി വെൽഫേർ പ്രോഗ്രാം

7. നോട്ട് ഓൺ കാൽക്കുലേഷൻ ഓഫ് ബർത്ത് ആൻറ് ടത്ത് ഡ്യൂറ്റു ഫാമിലി വെൽഫേർ പ്രോഗ്രാം ഇൻ കേരള

8. മാൻപവർ ഇൻപ്രൂവ്മെൻറ് ഇൻ ദി കോ-ഓപ്പറേറ്റീവ് സെക്ടർ ഓഫ് ഫിഷിംഗ് ഇൻഡസ്ട്രി

9. കാററലോഗ് ഓഫ് പബ്ളിക്കേഷൻസ്

10. എ സ്ററഡി ഓഫ് ദി കാരക്ടറൈസേഷൻ ഓഫ് എ. യു. ഡി. ആക്സ്പക്റേറഴ്സ് ഇൻ കേരള 1974–75 ആൻറ് 1975–76

ഈ റിപ്പോർട്ടുകരം എല്ലാംതന്നെ സൗജന്യം മെയിലിംഗ് ലിസ്ററിൽ ഉരംപ്പെടുത്തിയിട്ടുള്ള എല്ലാ സ്ഥാപനങ്ങരംക്കും വ്യക്തികരംക്കും അയച്ചുകൊടുക്കുകയുണ്ടായി.

---

NAME OF AGENTS—(Continued from inner cover)

131. Kerala Cardamom Grower's Union, Giri Bhavan, Vandenmettu, Idukki District.
132. M/s Santha Book Depot, S. M. Street, Calicut.
133. Sri P. M. Syed Mohammed, Janatha Book Stall, Building No. VIII/129, Opposite of K.S.R.T.C. Bus Stand, Changanassery.
134. Sri K. K. Pavithran, Rekha Stationery, Books and Pen Dealers, Court Road, Tellicherry.
135. M/s Papees Book Stall, Edodi, Badagara.
136. Sri V. Sankarankutty Menon, Proprietor, S. M. Book Stall, Irinjalakuda.
137. Sri G. Velappan, Aeyus Books, Pathanapuram.
138. Sri Krishnan Nair, Malaya Printing Works and Books Stall, Attingal.
139. Sri V. N. Gopinathan, Ayithara Puthen Veedu, Venniyoor, Venganoor P.O., Trivandrum.
140. Smt. N. Elsy, Proprietor, Pitman's Commercial Institute, Sasthamangalam, Trivandrum.
141. Sri N. X. Varghese, Law Book Sellers, Kadavanthra, Cochin.
142. Sri K. R. Muraleedharan, Proprietor, Chandra Press and Book Depot, Near Taluk Office, Haripad.
143. Sri K. Pazhanimala, Proprietor, Students Corner, Alathur, Palghat.
144. Sri James Lukose, Cherupushpam Book Depot, Palai.
145. Smt. K. Lalitha, Bharat Publications, Ottappalam.
146. Smt. K. A. Indira Devi, Proprietor, Book Centre, Y.M.C.A. Road, Kottayam.

NAME OF AGENTS—(Continued from inner cover)

94. M/s D. K. Book Organisations, 74-D, Anand Nagar, (Inderlok) Delhi-110 035.
95. M/s Ashok Trades, Book Sellers, Market Junction, Kottarakkara.
96. R. Viswanathan, Viswanath Stores, P.O. Chelakkara, Trichur.
97. M/s Vijnanabhavan Book Stall, Publishers and Book Sellers, Kayamkulam, Alleppey.
98. N. Krishnan Nair, Edupadickal Puthen Veedu, Kattakkada P.O., Neyyattinkara.
99. K. Mohanan, Proprietor, S.N.V. Press and Book Depot, Kottarakkara.
100. M/s Students Centre, Ottappalam.
101. T. G. Jacob, Pavoor House, Inchavila, Perinad, P.O. Quilon.
102. Kallingal Ali, Ali Stores, Badagara.
103. P. Madhavan Nair, M. S. Book Depot, Main Road, Quilon.
104. K. C. Balan Nair, Book Centre, Opp. E.E.M.P: High School, Tellicherry-1.
105. C. Parameswaran Nair, Ceepees Books and Periodicals, Kaithamukku, T.C. 27/178, Trivandrum-24.
106. K. T. Varkey, Sam Agencies, Ponkunnam.
107. N. G. Raveendranathan Nair, Rajashree Traders, P. O. Road, Perumbavoor.
108. Jyothi Book Centre, Round West, Trichur.
109. M. Subbain, Students Stores, Kesavadasapuram, Ulloor Village, Trivandrum.
110. M. P. Rajendran, The Proprietor of M/s Gift House, Convent Road, Badagara.
111. A. P. Thankappan Nair, New College Book Stall, Book Sellers, Muvattupuzha—686661.
112. P. R. Rajasekharan, Sree Lakshmivilasam Book Depot, Broadway Ernakulam.
113. Pandarathodi Hamsa, S/o P. Hydru, the Proprietor, Premier Book Stall, Opposite Government Hospital, Manjeri Road, Malappuram.
114. V. Ramakrishna Pillai, Proprietor, Raja Stores, Karunagappally.
115. R. Radhakrishna Pillai, Kallidukkil Veedu, Chadayamangalam, Kottarakkara, Quilon District.
116. N. E. Balakesavan, Proprietor, Modern Book Centre, Trivandrum.
117. K. Vasu Pillai, Nalloor, Mani Mandiram, Kanjiracode, Kundara, Quilon
118. N. Bhoothalingam Pillai, Swamy Book Centre, Trivandrum.
119. S. Parameswaran Namboodiri, Saradhi Book Dealers, Kottayam
120. M. M. Job, Book Centre, Ottappalam.
121. Parishat Book Stall, Court Road, Manjeri.
122. M/s General Papers, Perinthalmanna.
123. M/s Sahitya Pravarthaka Co-operative Society, Kottayam, Proprietor of National Book Stalls.
124. T. Kanaran, M/s Santha Store, Court Road, Tellicherry.
125. A. Sreedharan, Kottuvallil Veettil, Cheravally Muri, Kayamkulam, Owner of Sreedhar Binding Works and Book Depot, Kayamkulam.
126. T. Mohammed Hussan, Vadakke Panayullathil Parambil Thiruvil, Ezhamkulam Village, Quilon.
127. George Avokaran, Janatha Stores, College Road, Trichur-1.
128. Smt. Elsamma Joseph, Proprietor, Priya Store, Palai Road, Thodupuzha
129. N. Kumaran, Proprietor, Kumar Printers, Ottappalam.
130. Smt. M. K. Sumathy, Proprietor, Wynad Book House (MPV. 250). Down Bazar, Manantody.

NAME OF AGENTS—(Continued, from outer cover)

50. The Secretary, Govt. Servants Co-operative Society Ltd., No. A-208, Alleppey.
51. The Manager, St. Thomas Press, Palai.
52. The National Stores, Cannanore.
53. N. Chellappan Pillai, Narayana Press and Book Stall, Attingal.
54. K. Kunhambu, Bharath Printing Press, Kanhangad (P.O.), Cannanore.
55. Koshy P. John, Vidyarthy Mithram Press and Book Depot, Kottayam.
56. Y. Habeebulla. Proprietor, New Book Centre, Near Collectorate, Quilon.
57. Vijayakumar Jain, Prabhu Book Service, Gurgoan, Hariyana.
58. Haji Abdul Rahiman Sait, Merchant, Kesavadasapuram, Trivandrum-4.
59. M. Balan, Manager, City Book Stall, R. S. Road, Ottappalam.
60. K. Kunhiraman, Manager, Jaya Stores, Vazhuthacaud, Trivandrum.
61. P. N. Narayana Pillai. M. N. Printers, Adoor.
62. V. M. Noohu, Book Seller, Ansari Book Stall, Nilamel.
63. A. Narayanan Potti, Book Seller, Near Civil Station, Quilon-9.
64. Guru Book Stall, Palayam Road, Calicut.
65. G. Prabhakaran Nair, Manager, Premier Book House, Moovattupuzha.
66. Manager, Desabhimani Book House, M. G. Road, Trivandrum-1.
67. K. V. Devassy, Manager, Perinthalmanna Printing Works, Perinthalmanna.
68. K. Bhaskara Pillai, Prahla Book Depot, Attingal P. O.
69. K. A. George, Proprietor, Students Stores, 74/XII, Sub Jail Road, Alwave.
70. V. K N. Pillai, Polayil Veedu, Manayilkulangara, Quilon-12.
71. V. Gopinathan Nair, Book Seller, Kacheri Junction, Nedumangad.
72. A. Poornambal, Proprietor, Bhagya Enterprises, M. G. Road, Trivandrum.
73. K. J. Cherian, Manager, Victory Book House, Muvattupuzha.
74. M. C. Cherian, M. C. C. Book Depot, Chengannur.
75. M/s Radha Stores, Shoranur.
76. A.T.A. Musthafa, Musthafa Book Company, P.O. Payangad, Cannanore.
77. S.M.C. Babu Brothers Book Depot, Alwaye-1.
78. P. C. Cherian, St. Mary's Press and Book Depot, Changanacherry-1.
79. R. Radhakrishnan Nair, Proprietor, Modern Books, Near Boat Jetty Road, Quilon.
80. Smt. K. Thankamma, Contractor of K.G's Book Stall, Kottayam.
81. M. A. Joseph, Proprietor, House of Knowledge, Publishers and Book Sellers, Round South, Trichur.
82. V. Krishna Iyer, Retired R.T.O., T.C. 18/201, Valiachala, Trivandrum
83. C. I. Varghese, son of Chalissery Ittiachan, Central Book Stall, Palace Road, Trichur.
84. New Ladies Fancy Centre, Mannarghat.
85. T. V. Thomas Panicker, Indu Book Depot, Angamali P. O., Ernakulam.
86. M. M. Varghese, Book Centre, West Nada, Guruvayur.
87. K. J. Raphael, Santha Book Stall, Book Sellers and Stationery Merchants, G. B. Road, Sultanpet, Palghat.
88. M/s Asoka Book Agency, 2/27, Roop Nagar, Delhi-7.
89. M/s St. Joseph's Book Stall Convent, Square, Alleppey.
90. V. G. Abraham, St. Thomas Press and Book Depot, Kozhencherry.
91. N. Sadanandan, Proprietor, Sadananda Printers, Publishers and Book Sellers, P. O. Alathur, Palghat District.
92. K. R. Sukumaran Nair, Sukumar Book Stall, T. C 23/652, Thampanoor, Trivandrum.
93. P. Aravindakshan, Book Seller, Near Post Office, Kottakkal.

## NAME OF AGENTS APPOINTED FOR THE SALE OF GOVERNMENT PUBLICATIONS IN THE KERALA STATE

1. J. S. Paul and Sons, Cannanore.
2. G. Vital Prabhu, News Agent, Manjeswar
3. K. R. Brothers, Calicut.
4. Moulavi Book Depot, Kasargod
5. Kottayi Gopalan, Tellicherry.
6. Touring Book Stall, Calicut.
7. K. P. Ahamed Kunhi and Brothers, Cannanore
8. Pallipat Stores, Irinjalakuda.
9. St. Joseph's Press, Perinthalmanna
10. George Press, Ottapalam.
11. Travancore Law House, Ernakulam.
12. P. K. Brothers, Calicut.
13. M. V. John, Law Book Seller, New Civil Courts, Tellicherry.
14. Manager, Higginbothams (Private) Ltd., Trivandrum
15. Current Books, Publishers and Book Sellers, Trichur.
16. Educational Supplies Book Sellers, Publishers and Printers, Palghat
17. H. and C. Stores, Dealers in Books, Kunnamkulam.
18. Manager, Reddiar Press and Book Depot, Trivandrum.
19. K. Parameswaran Pillai, Stamp Vendor, Pulimoodu, Trivandrum.
20. Educational Supplies Depot, Trivandrum.
21. Jayachandra Book Depot, Chalai, Trivandrum.
22. S. Subramonia Iyer, Book Seller and Stamp Vendor, Kazhakootam.
23. S. Krishna Iyer, Stamp Vendor, Ayurveda College View, Trivandrum.
24. N. Parameswaran Pillai, Alummoodu Veedu, Stamp Vendor Kottarakkara.
25. N. Neelakanta Iyer, Stamp Vendor, Padmavilasam Street, Fort, Trivandrum.
26. The Manager, K. V. Press and Book Depot, Main Road, Attingal
27. K. Bhaskaran Nair, News Agent, Trivandrum.
28. The Proprietor, Kerala Book House, Cranganore.
29. K. K. Raghava Meoon, Popular Book Depot, Cranganore.
30. C. M. Book Stall, Publishers, Parayil, Kunnamkulam.
31. A. Jose, Proprietor, S. V. Press and Book Depot, Neyyattinkara
32. N. Paramanandam, Proprietor, Ambika Press and Book Depot, Neyyattinkara.
33. The New Order Book Company, Ellis Bridge, Ahmedabad.
34. Pai and Company, Broadway, Ernakulam.
35. S. Hariharakrishna Iyer, Vinayaka Book Stall, Pazh... Trivandrum.
36. K. P. Gopalan, Swaraj Book Stall, Court Road, Quilandy.
37. Ambat Sekhara Menon, Proprietor, Menon Stores, Chittur, ...
38. M. I. Abraham, News Agent and Book Seller, Punalur P.O
39. K. G. Thomas, K. V. Book Depot, Chengannur.
40. C. L. Joseph, The National Stores, Thana, Irinjalakuda
41. N. Krishnamoorthy, Merchant, Manantoddy
42. T. I. Joseph and Sons, Prakasom Press and Book Depot, Irinjalakuda.
43. P. Radhakrishna Pillai, Sivavilasom, Kizhakkekara, Kottarakara.
44. Vidyarambham Press and Book Depot (P) Ltd., Mullakkal, Alleppey
45. K. S. Kumara Pillai, Sreekumar Stores, Nedumangad.
46. E. K. John, Stamp Vendor, c/o Popular Trading Co., Kottayam.
47. The Mahatma Press, Palace Road, Trichur.
48. P. K. Chacko, Proprietor, Peekaycee Trades, Kottayam
49. Janatha Book Stall, Near P M G's Office. Trivandrum